# കേരള സർക്കാർ


# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അടൂര് മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്സ് എപിറ്റിഎ പി3- /220/ -2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 30/03/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
അടൂര് മുനിസിപ്പാലിറ്റി

സർ,

വിഷയം : അടൂര് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അടൂര് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
റീജിയണൽ ജോയിന്റ് ജയറക്ടർ, കൊല്ലം

നമ്പർ: കെ.എസ്സ് എപിറ്റിഎ പി3- /220/ -2023 തീയ്യതി: 30/03/2023

## പത്തനംതിട്ട ജില്ലയിലെ അടൂര് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ അടൂര് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2022 മുതൽ 31-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-02-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സാബു.സി.ജോർജ്ജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 06-02-2023 | 17-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-02-2023 | 17-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. എൻ. പ്രദീപ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ. അജ്മൽ എ.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയപ്രഭ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഷൈജു വൈ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അരുൺ പി. ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഹരി കുമാർ എസ്, ഓഡിറ്റർ
ശ്രീമതി ദീപ കെ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഡി. സജി | ചെയർമാൻ | 01-04-2021 | 31-03-2022 |
| ശ്രീ. ദീപേഷ് ആർ. കെ | സെക്രട്ടറി | 01-04-2021 | 22-09-2021 |
| ശ്രീമതി രാഗിമോൾ. വി | സെക്രട്ടറി | 23-09-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. റഫീക്ക് എം. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. സുഭഗൻ എസ് | മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോസ്പിറ്റൽ | 01-04-2021 | 31-03-2022 |
| ഡോ സ്വപ്ന എസ്.പോൾ | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി ആലിയ ഫർസാന | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. വിനോദ് എം.പി | ഹെൽത്ത് ഓഫീസർ | 01-04-2021 | 22-10-2021 |
| ശ്രീ. അജി. ജി | ഹെൽത്ത് ഓഫീസർ | 23-10-2021 | 31-03-2022 |
| ശ്രീ. പുഷ്പകുമാർ കെ. | പ്രോജക്ട് ഓഫീസർ, യു.പി.എ.സി | 01-04-2021 | 31-03-2022 |
| ശ്രീ. വിപിൻ ചന്ദ്രലാൽ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി സിന്ധു വി | ഫിഷറീസ് എസ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. അശോകൻ ഡി | എച്ച്. എം. ഗവൺമെന്റ് യു.പി.എസ് | 01-04-2021 | 02-12-2021 |
| ശ്രീമതി ശ്രീജ. എം | എച്ച്. എം. ഗവൺമെന്റ് യു.പി.എസ് | 03-12-2021 | 31-03-2022 |
| ശ്രീമതി. ബൃന്ദാ എസ് | ഐ.സി.ഡി.എസ് | 01-04-2021 | 30-11-2021 |

| | | | |
|---|---|---|---|
| ജ്യോതി | സൂപ്പർവൈസർ | | |
| ശ്രീമതി. കവിത കൃഷ്ണ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-12-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (Receipt & Paymentസ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പെൻഷനുകൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വസ്തുനികുതി കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ളത് ഭീമമായ തുക | 1-11 |
| 12 | സർക്കാർ കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക 44.94 ലക്ഷം രൂപ | 1-12 |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുത്തില്ല | 1-13 |
| 14 | വാടക -കുടിശ്ശിക ഇനത്തിൽ വൻ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു | 1-14 |
| 15 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഫീസ് പിരിവ് - 2.25 ലക്ഷം രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു | 1-15 |
| 16 | തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-16 |
| 17 | തൊഴിൽ നികുതി പിരിവ്-കാര്യക്ഷമമല്ല | 1-17 |
| 18 | ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിന് ഒക്യൂപ്പൻസി അനുവദിച്ചു | 1-18 |
| 19 | ക്രമവത്ക്കരണം അനുവദിച്ചതിലും വസ്തുനികുതി നിർണ്ണയിച്ചതിലും അപാകത | 1-19 |
| 20 | ഷീറ്റ് മേൽക്കൂര ക്രമവത്ക്കരിച്ചു നൽകിയത് ചട്ടങ്ങൾ പാലിക്കാതെ | 1-20 |
| 21 | ഒക്യൂപ്പൻസിയ്ക്ക് ശേഷം അനധികൃത നിർമ്മാണം വ്യാപകം-പോസ്റ്റ് ഒക്യൂപ്പൻസി ഓഡിറ്റ് നടത്തുന്നില്ല | 1-21 |
| 22 | ട്യൂട്ടോറിയൽ  സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയില്ല | 1-22 |
| 23 | ലൈസൻസ്-മൂലധന നിക്ഷേപം- സമർപ്പിക്കപ്പെട്ട വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കിയില്ല | 1-23 |
| 24 | ജനന- മരണ രജിസ്ട്രേഷൻ ഫീസ്- ഒഴിവാക്കപ്പെടുന്നവരുടെ രേഖകൾ സൂക്ഷിച്ചിട്ടില്ല . | 1-24 |
| 25 | വിനോദ നികുതി ഈടാക്കിയത്- കൃത്യത ഉറപ്പാക്കിയില്ല | 1-25 |
| 26 | വിവിധ പദ്ധതികൾക്ക് ലഭിച്ച ഗ്രാന്റിൽ 1.96 കോടി രൂപ ചെലവഴിച്ചിട്ടില്ല | 1-26 |

| | | |
|---|---|---|
| 27 | പാമ്പേറ്റുകുളം സാംസ്കാരികനിലയം - നിർമ്മിച്ച കെട്ടിടം ഉപയോഗപ്പെടുത്തിയില്ല | 1-27 |
| 28 | ക്ഷേമപെൻഷൻ - മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്തില്ല | 1-28 |
| 29 | ബയോബിൻ നൽകൽ- പദ്ധതി യാഥാർത്ഥ്യമായില്ല | 1-29 |
| 30 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-30 |
| 31 | സ്വയം തൊഴിൽ പദ്ധതിയുടെ സബ്സിഡിത്തുക ഗുണഭോക്താക്കൾക്ക് നഷ്ടമായി | 1-31 |
| 32 | സേവിംഗ്സ് തുക പ്രയോജനപ്പെടുത്തിയില്ല. നഷ്ടമായത് 29.45 ലക്ഷം രൂപ | 1-32 |
| 33 | ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ അർഹത ഉറപ്പുവരുത്താതെ സാമ്പത്തികസഹായം നൽകി | 1-33 |
| 34 | **മുൻവർഷങ്ങളിൽ** കരാറിൽ ഏർപ്പെട്ട പൊതുമരാമത്ത് പ്രവൃത്തികൾ നാളിതു വരെ ആരംഭിച്ചില്ല | 1-34 |
| 35 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ- പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ | 1-35 |
| 36 | താലൂക്ക് ആശുപത്രിയുടെ വൈദ്യുത ചാർജ് - ലേറ്റ് ഫീസ് അടവാക്കുന്നു | 1-36 |
| 37 | പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ് നൽകിയത് - നടപടിക്രമങ്ങൾ പാലിച്ചില്ല | 1-37 |
| 38 | പി.എം.എ.വൈ പദ്ധതി- ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല | 1-38 |
| 39 | അങ്കണവാടികളിൽ പിരമിതമായ പശ്ചാത്തല സൗകര്യം | 1-39 |
| 40 | മൃഗസംരക്ഷണമേഖലയിലെ പദ്ധതികൾ- മോണിറ്ററിംഗ് നടത്തിയില്ല | 1-40 |
| 41 | ലൈബ്രറി സെസ്സ് അടവാക്കിയില്ല | 1-41 |
| 42 | മുൻകൂറുകൾ ക്രമീകരിച്ചില്ല | 1-42 |
| 43 | സാക്ഷരതാ തുല്യതാപഠനം-വിനിയോഗരേഖകൾ ഇല്ല | 1-43 |
| 44 | കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിലേക്ക് വാങ്ങിയ സാധനങ്ങൾ പുനരുപയോഗപ്പെടുത്തിയില്ല | 1-44 |
| 45 | മുൻകൂർ നൽകി- നാളിതുവരെ മരുന്ന് ലഭ്യമായില്ല | 1-45 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടിയിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് നഗരസഭാ കൗൺസിലിന്റെ 19/02/2021 ൽ ചേർന്ന പ്രത്യേക കൌൺസിൽ യോഗത്തിലും പുതുക്കിയ ബജറ്റ് 25/03/2022 ൽ ചേർന്ന പ്രത്യേക കൌൺസിൽ യോഗത്തിലും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേയ്മെന്റ് പത്രിക (R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | പുതുക്കിയത് | R&P പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 188118910 | 99409510 | 63913115 |
| വരവ് | 484335300 | 248597728 | 212971541 |
| ആകെ | 672454210 | 348007238 | 276884656 |
| ചെലവ് | 587387000 | 219810351 | 216469373 |
| നീക്കിയിരിപ്പ് | 85067210 | 128196887 | 60415283 |

ബജറ്റ് പ്രകാരം 48.43 കോടി രൂപയുടെ പ്രതീക്ഷിത വരവും 58.73 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. നഗരസഭയുടെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 24.65കോടി രൂപയും ചെലവ് 23.58 കോടി രൂപയുമാണ്. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ-286 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. സെക്ഷൻ-293 പ്രകാരം ബജറ്റ് അംഗീകരിക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് നഗരസഭ കൗൺസിൽ ഉറപ്പാക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

നഗരസഭാകൗൺസിലിന്റെ 16.07.22 ലെ 1-ാം നമ്പർ തീരുമാപ്രകാരം അംഗീകരിച്ച് ഓഡിറ്റിനായി 29.07.22 ൽ എയിംസിലൂടെ സമർപ്പിച്ചിരുന്ന വാർഷികധനകാര്യപത്രിക വെളിപ്പെടുത്തുന്ന 2021-22 ലെ സംക്ഷിപ്തധനകാര്യ റിസൽട്ടുകൾ ചുവടെ ചേർക്കുന്നു.

1. Receipt&Payment Statement

| മുന്നിരിപ്പ് (അക്കൗണ്ട് നീക്കിയിരിപ്പ്) | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (31.03.2022 പണം+അക്കൗണ്ട് നീക്കിയിരിപ്പ്) |
|---|---|---|---|---|
| 63913115 | 212971541 | 276884656 | 216469373 | 60415283 |

2.Income&Expenditure Statement

| ആകെ വരുമാനം | ആകെ ചെലവ് | പ്രവർത്തന മിച്ചം |
|---|---|---|
| 246584600 | 235869943 | 10714657 |

3.Balance Sheet(31.03.2022 പ്രകാരം)

| ആകെ ആസ്തി മൂല്യം | ആകെ ബാദ്ധ്യത(ജനറൽ ഫണ്ട് ഇല്ലാതെ) | ജനറൽ ഫണ്ട് പൊസിഷൻ |
|---|---|---|
| 316310660 | 140693314 | 175617346 |

മേൽ വിവരിച്ച ധനകാര്യറിസൽട്ടുകൾ പ്രതിഫലിപ്പിക്കുന്ന ധനകാര്യപത്രിക ഓഡിറ്റിൽ പരിശോധിച്ചതിലും വിശകലനം ചെയ്തതിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്ന തുക 52939387കൃത്യമല്ല. മുൻവർഷത്തേക്കാൾ 60,97,804രൂപ കുറവായാണ് തൻവർഷം രേഖപ്പെടുത്തിയിരിക്കുന്നത്. ഗ്രാന്റ് ചെലവുകൾ റവന്യൂ എക്സ്പെൻഡിച്ചർ ആയി അക്കൗണ്ട് ചെയ്തിരിക്കുകയാണ്. ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

2 ഷെഡ്യൂൾ ബി-4: Grants And Contributions For Specific Purposes- Central Government- ഹെഡിൽ (320100100)

രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെടാനാവശ്യമായ എ.സി.ആർ., മറ്റ് രേഖകൾ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ അംഗൻവാടി പൂരക പോഷകാഹാരപദ്ധതി (സെൻട്രൽ ഷെയർ), ശുചിത്വമിഷൻ ഗ്രാന്റ് എന്നീ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

3.ഷെഡ്യൂൾ ബി-4: ഹെഡ് ഓഫ് അക്കൗണ്ട് 320200111, ഹെഡ് ഓഫ് അക്കൗണ്ട്-320200112 പ്രകാരമുള്ള CFC ഗ്രാന്റിന്റെ ആകെ നീക്കിയിരിപ്പ് തുക13313769 ഷെഡ്യൂൾ B17 ലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല

4. ഷെഡ്യൂൾ ബി-4 Beneficiary Contributions 307458രൂപ രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5. ഷെഡ്യൂൾ ബി-7: Deposits Received- ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വിവിധ ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ഡെപ്പോസിറ്റുകളുടെ കൃത്യത (40916051/-)പരിശോധനയിൽ ബോധ്യപ്പെട്ടില്ല.

6. ഷെഡ്യൂൾ ബി-9 :KCWWF,ലൈബ്രറി സെസ്സ് - വിവിധ വർഷങ്ങളിൽ പിരിച്ചെടുത്ത തുകകൾ ഒടുക്കാതെ അവശേഷിക്കുന്നു. ലൈസൻസ് ഇനത്തിൽ അഡ്വാൻസായി പിരിച്ചെടുത്ത 1077050 രൂപയുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല.

7. ഷെഡ്യൂൾ B-11 26.07.2011-ലെ ജി.ഒ.(എം.എസ്)152/11/ത.സ്വ.ഭ.വ. നിർദ്ദേശങ്ങൾ പാലിച്ച് നഗരസഭയുടെ ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

8. ഷെഡ്യൂൾ B-12 Investment-1000 രൂപ രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല

9. ഷെഡ്യൂൾ B-15 Sundry Debtors Receivables- ലഭിക്കാനുള്ളതായി കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് ബന്ധപ്പെട്ട രജിസ്റ്ററുകൾ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വസ്തുനികുതി, തൊഴിൽ നികുതി ,ലൈസൻസ് ഫീസ് ,വാടക എന്നീ ഇനങ്ങളിൽ ഭീമമായ തുക കുടിശ്ശിക ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇതു സംബന്ധിച്ച് കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. വസ്തുനികുതി ഇനത്തിൽ ലഭിക്കാനുള്ള തുക സഞ്ചയ സോഫ്റ്റ് വെയറിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

10.ഷെഡ്യൂൾ B-15 Other Receivable-സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും 54924826/-ലഭിക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ കൃത്യത ബോദ്ധ്യപ്പെടുത്തിയിട്ടില്ല.

11. ഷെഡ്യൂൾ ബി17- Post Office Savings Bank: ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല. നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

12,ഷെഡ്യൂൾ ബി-18- Loans, Advances And Deposits-Miscellaneous Advance- അഡ്വാൻസ് രജിസ്റ്ററിൽ വർഷാവസാനം ക്രമീകരിക്കാനുള്ള മുൻകൂറുകളുടെ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിലെ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

13. ഷെഡ്യൂൾ ബി-18 Electricity Deposit-മുൻവർഷം രേഖപ്പെടുത്തിയിട്ടുള്ള 2736960 രൂപ തന്നെയാണ് തൻവർഷവും നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത്. ഈ തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. തൻവർഷം പ്രോജക്റ്റ് നമ്പർ 288/22 പ്രകാരം സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തിക്കായി KSEB ൽ ഡിപ്പോസിറ്റ് ചെയ്ത 499629 രൂപ വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തതിനാൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിട്ടില്ല

14. ഷെഡ്യൂൾ ബി-18 : തൻവർഷം 122/22, 290/22 എന്നീ പ്രോജക്ടുകൾ പ്രകാരം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തിക്കായി KWA ൽ ഡിപ്പോസിറ്റ് ചെയ്ത 1900000, 200000 എന്നിവ വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തതിനാൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിട്ടില്ല

15. വെള്ളക്കരം കുടിശ്ശിക ഒടുക്കുവാനുള്ളത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

16 ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) പ്രോജക്റ്റ്നമ്പര് 119/22 പ്രകാരം ശുചീകരണ ആവശ്യത്തിന് വാഹനം വാങ്ങുന്നതിന് ചെലവഴിച്ച 1559918 രൂപ സാംഖ്യ ACR, സുലേഖ സോഫ്റ്റവെയർ എന്നിവയിൽ ചെലവായി ഉൾപ്പെടുത്തിയില്ല.

17. തൻവർഷം പ്രോജക്റ്റ് 290/22 പ്രകാരം അംബിയിൽ ഏലായിൽ പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തികൾക്കായി കേരളവാട്ടർ അതോറിറ്റിയിൽ ഡിപ്പോസിറ്റ് ചെയ്ത 200000/- RP 45 ൽ ഉൾപ്പെട്ടിട്ടില്ല.

18. വിവിധ വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സംക്ഷിപ്തം ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷികധനകാര്യപത്രികയിലെ തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

19. ഷെഡ്യൂൾ ബി5 Secured Loans:- ഹെഡ് ഓഫ് അക്കൗണ്ട് 330500202 - PMAY പദ്ധതിയുടെ തിരിച്ചടക്കാൻ

അവശേഷിക്കുന്ന നീക്കിയിരിപ്പ് 17280000/-രൂപയാണ്. എന്നാൽ ഇത് വാർഷിക ധനകാര്യപത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. 20.12.2020 ൽ KURDFC ൽ നിന്ന് ലോൺ ഇനത്തൽ ലഭിച്ച 5800000/- രൂപ ഉൾപ്പെടുത്താതെയാണ് ഈ ഷെഡ്യൂളിൽ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നത്. കൂടാതെ ലൈഫ് മിഷൻ ലോൺ തിരിച്ചടവിന് വികസനഫണ്ട് ജനറൽ, എസ്.സി.പി വിഭാഗത്തിൽ യഥാക്രമം 613334രൂപ, 106667രൂപ എന്നിവ GO പ്രോജക്ട് പ്രകാരം തിരിച്ചടച്ചതായി സുലേഖ സോഫ്റ്റ് വെയറിലും AFS ലും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുക GO Rt) 3367/2021 Dtd 07.04.21 പ്രകാരം സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തിട്ടില്ല.

20. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ വരവ് കണക്കുകൾ(RP24) വാർഷികധനകാര്യപത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

21. വികസനഫണ്ട് ജനറൽ എസ്.സി.പി വിഭാഗത്തിൽ ചെലവഴിച്ച തുക വാർഷികധനകാര്യപത്രികയിൽ കൃത്യമല്ല. സ്രോതസ്സിൽ നിന്ന് കുറവ് ചെയ്യാതെ (GO Rt) 3367/2021 Dtd 07.04.21) ലൈഫ് മിഷൻ ലോൺ തിരിച്ചടവിന് ജനറൽ, എസ്.സി.പി ഫണ്ടിൽ യഥാക്രമം 613334രൂപയും, 106667 രൂപയും, അംഗൻവാടി ജീവനക്കാരുടെ ഹോണറേറിയം ഇനത്തൽ (ജനറൽ) 3 ഗഡുക്കൾക്ക് പകരം 4 ഗഡുക്കളും (350400x4) GO പ്രോജക്ട് പ്രകാരം ചെലവഴിച്ചതായി സുലേഖയിലും AFS ലും ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-3 സാമ്പത്തിക വിശകലനം (Receipt & Paymentസ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 63913115 |
| വരവ് | 212971541 |
| ആകെ | 276884656 |
| ചെലവ് | 216469373 |
| നീക്കിയിരിപ്പ് | 60415283 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | *തൻവർഷ വരവ്* | ആകെ | *ചെലവ്* | *നീക്കിയിരിപ്പ്/ലാപ്സായ തുക* |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 23932386 | 23932386 | 21738201 | 2194185 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 16710369 | 16710369 | 13424133 | 3286236 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 16870452 | 16870452 | 13213590 | 3656862 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 16025856 | 16025856 | 5474889 | 10550967 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 31334700 | 31334700 | 13493880 | 17840820 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 13407591 | 13407591 | 8167345 | 5240246 |

കേന്ദ്രാവിഷ്കൃത ഫണ്ട്

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് | 630309 | 524056 | 1154365 | 792294 | 362071 |
| പി.എം.എ.വൈ | 14716653 | 17525836 | 32242489 | 24115868 | 8126621 |
| എൻ.യു.എൽ.എം | 644058 | 207881 | 851939 | 851939 | 0 |

സംസ്ഥാനാവിഷ്കൃത ഫണ്ട്

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 493461 | 10143467 | 10636928 | 10232822 | 404106 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 6249112 | 0 | 6249112 | 5644136 | 604976 |
| എം.എൻ ലക്ഷം വീട് | 90790 | 0 | 90790 | 1399 | 89391 |
| യു.ഐ.ഡി. എസ്.എസ്.എം. റ്റി | 7947 | 216 | 8163 | 0 | 8163 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

I. വരവ് കണക്കിലെ അപാകതകൾ

| | അലോട്ട്മെന്റ് പ്രകാരം വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 23932386 | 21612133 | 2320253 | ലൈഫ് മിഷൻ ലോൺ ഇനത്തിൽ സ്രോതസ്സിൽ നിന്ന്, കുറവ് ചെയ്ത 1226667/-, അംഗൻവാടി ജീവനക്കാരുടെ ഹോണറേറിയം ഇനത്തിൽ കുറവ് ചെയ്ത 1051200/- ,GO(Rt)നം 2617/2022 /Fin 31.03.22 പ്രകാരം ലഭിച്ച 42386 എന്നിവ വരവിൽ ഉൾപ്പെടുത്തിയില്ല |
| വികസനഫണ്ട് (എസ് സി പി) | 16710369 | 15706667 | 1003702 | ലൈഫ് മിഷൻ ലോൺ ഇനത്തിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 213333 , GO(Rt)നം 2617/2022/fin 31.03.22 പ്രകാരം ലഭിച്ച 790369 എന്നിവ വരവിൽ |

| | | | | |
|---|---|---|---|---|
| | | | | ഉൾപ്പെടുത്തിയില്ല |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 16870452 | 20760000 | (-)3889548 | സ.ഉ.(സാധാ) 1345/22 /ധന/26.02.2022 പ്രകാരം കുറവുചെയ്ത 3925000 GO(Rt)നം 2617/2022/fin 31.03.22 പ്രകാരം ലഭിച്ച 35452 എന്നിവ വരവിൽ ഉൾപ്പെടുത്തിയില്ല |

II ചെലവ് കണക്കിലെ അപാകത

| ഫണ്ടിനം | യഥാർത്ഥ ചെലവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) | 13493880 | 11933962 | 1559918 | പ്രോജക്ട് നമ്പർ 119/22 പ്രകാരം ശുചീകരണ ആവശ്യത്തിന് വാഹനം വാങ്ങുന്നതിന് ചെലവഴിച്ച 1559918/- സുലേഖയിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും ചെലവിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ബാങ്ക് അക്കൗണ്ടിൽ നിന്ന് 16.12.21 ന് തുക ചെലവഴിച്ചിട്ടുണ്ട്. |
| വികസനഫണ്ട് (ജനറൽ) | 2173820 | 22701935 | 963734 | സ്രോതസ്സിൽ നിന്ന് കുറവ് ചെയ്യാതെ ലൈഫ് മിഷൻ ലോൺ തിരിച്ചടവിന് 613334/- ഉം അംഗൻവാടി ജീവനക്കാരുടെ ഹോണറേറിയത്തിന് 350400/- ഉം അധികമായി GO പ്രോജക്ടിൽ ഉൾപ്പെടുത്തി. |
| വികസനഫണ്ട് (എസ്.സി.പി.) | 13424133 | 13530800 | 106667 | സ്രോതസ്സിൽ നിന്ന് കുറവ് ചെയ്യാതെ ലൈഫ് മിഷൻ ലോൺ തിരിച്ചടവിന് |

| | | | | | |
|---|---|---|---|---|---|
| | | | | | 106667/-അധികമായി GO പ്രോജക്ടിൽ ഉൾപ്പെടുത്തി. |

മേൽ പരാമർശിത അപാകതകൾക്ക് വിധേയമായാണ് ഈ റിപ്പോർട്ടിലെ അനുബന്ധം 2 പ്രകാരമുള്ള ഗ്രാന്റുകളുടെ വിനിയോഗസാക്ഷ്യപത്രം പുറപ്പെടുവിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

നഗരസഭയുടെ 2021-22 ലെ വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 24-03-2022 ലെ ഉത്തരവ് നം. RO1-581/2020/DPC/DPO/PTA പ്രകാരം അംഗീകാരം പുതുക്കി ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 30-01-2021, 17-02-2022 |
| പദ്ധതിരൂപീകരണ വാർഡ് സഭകൾ | 02-02-2021 മുതൽ 12-02-2021 വരെ |
| വികസനസെമിനാർ | 17-02-2021 |

2021-22 ലെ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 260134602/- രൂപയും ആകെ ചെലവ് 81390938/- രൂപയുമാണ്. വിവിധ ഫണ്ടുകളിലായി വകയിരുത്തിയ മൊത്തം അടങ്കൽ തുകയിൽ 32% തുക മാത്രമേ ചെലവഴിക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടുള്ളൂ. അംഗീകാരം ലഭിച്ച 275 പ്രോജക്ടുകളിൽ 180 എണ്ണം നടപ്പാക്കി. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | തയ്യാറാക്കിയ പ്രൊജക്റ്റിന്റെ എണ്ണം | നടപ്പാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 2355000 | 2269400 | 96 |
| വ്യവസായ വികസന ഓഫീസർ | 1 | 0 | 1203500 | 0 | 0 |
| സെക്രട്ടറി | 24 | 17 | 11174011 | 7745061 | 69 |
| വെറ്ററിനറി സർജൻ | 6 | 5 | 4057000 | 3503550 | 86 |
| ഹെൽത്ത് ഓഫീസർ | 18 | 11 | 25052913 | 6600607 | 26 |
| മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | 2 | 2 | 1100000 | 992805 | 90 |
| പ്രോജക്ട് ഓഫീസർ | 14 | 12 | 21478601 | 20658601 | 96 |
| മുനിസിപ്പൽ എഞ്ചിനീയർ | 188 | 115 | 185818977 | 33844179 | 18 |
| ഐസിഡിഎസ് സൂപ്പർവൈസർ | 12 | 8 | 5741600 | 4560669 | 79 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 615000 | 98100 | 16 |
| ഹെഡ്മാസ്റ്റർ | 4 | 4 | 1538000 | 1117966 | 73 |
| ആകെ | 275 | 180 | 260134602 | 81390938 | 31.28 |

### പദ്ധതി നിർവ്വഹണത്തിനായി ലഭിച്ച 1.96 കോടി രൂപ ചെലവഴിച്ചില്ല

വികസനഫണ്ട് പൊതുവിഭാഗം, എസ് സി പി എന്നിവയിൽ മികച്ച ചെലവ് ശതമാനം ഉണ്ടായിരുന്നുവെങ്കിലും റോഡ്, റോഡിതര സംരക്ഷണ ഗ്രാന്റിനത്തിൽ ഫലപ്രദമായി ഫണ്ട് വിനിയോഗിക്കുന്നതിന് കഴിഞ്ഞില്ല. തൻ വർഷം ലഭിച്ച പദ്ധതി വിഹിതത്തിൽ ചെലവഴിക്കാതിരുന്നത് 1.96 കോടി രൂപയാണ്. കൃഷി ഓഫീസർ, പ്രോജക്ട് ഓഫീസർ, വെറ്ററിനറി സർജൻ, മെഡിക്കൽ ഓഫീസർ തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മാത്രമാണ് വകയിരുത്തിയ തുകയുടെ 80 ശതമാനത്തിലധികം ചെലവഴിക്കാൻ കഴിഞ്ഞത്. വ്യവസായ വികസന ഓഫീസർ പ്രോജക്ട് നിർവ്വഹണം നടത്തിയില്ല. മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 188 പ്രോജക്ടുകളിൽ 115 എണ്ണം മാത്രമാണ് തൻവർഷം നടപ്പാക്കാൻ സാധിച്ചത്.

രണ്ട് കോടിയോളം രൂപ നഗരസഭയുടെ ജാഗ്രതക്കുറവ് മൂലം തൻവർഷം ചെലവഴിക്കാനായില്ല എന്നത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും, ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ച ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതിയും സ്റ്റാന്റിംഗ് കമ്മിറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ലായെന്ന് വിലയിരുത്തുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചിട്ടില്ല. വാർഷിക പദ്ധതി രൂപീകരണത്തിനായി മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളത്. ആസൂത്രണം ചെയ്യുന്ന പദ്ധതികളുടെ നിർവ്വഹണം ഫലപ്രദമാണോയെന്ന് യഥാസമയം മോണിട്ടറിംഗ് നടത്തിയശേഷം റിപ്പോർട്ട് നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവ ഫലപ്രദമായി നിർവ്വഹിച്ചിട്ടില്ല. ആയത് ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 493461 | 10143467 | 10636928 | 10232822 ( ഗുണഭോക്താക്കൾക്ക് അനുവദിച്ചത്- 9648334, ഭരണച്ചെലവ്- 584488 ) | 404106 |

## 1-7 ക്ഷേമ പെൻഷനുകൾ

തൻവർഷം നഗരസഭ നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2,352,600 | 154 |
| വിധവാ പെൻഷൻ | 16,579,000 | 1156 |
| വാർദ്ധക്യകാല പെൻഷൻ | 34,586,400 | 2641 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3,978,600 | 270 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 947,100 | 60 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.02.2023ൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1660 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ സാമ്പത്തികനില അത്ര ഭദ്രമല്ല. ബാദ്ധ്യതകൾ കുറവ് ചെയ്താൽ തനത് ഫണ്ട് നീക്കിയിരിപ്പ് 37 ലക്ഷം രൂപ മാത്രമാണ്. എന്നാൽ നികുതി, നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിന് ഊർജിത നടപടികൾ സ്വീകരിച്ചിട്ടില്ല. വസ്തു നികുതി, ലൈബ്രറി സെസ്സ്, സേവന ഉപനികുതി എന്നീയിനങ്ങളിൽ കുടിശ്ശിക ആയി 4.18 കോടി പിരിച്ചെടുക്കാനുണ്ട് എന്നാണ് വാർഷിക ധനകാര്യപത്രിക വ്യക്തമാക്കുന്നത്. എന്നാൽ കുടിശ്ശിക നികുതി പിരിവിന് കാര്യക്ഷമമായ നടപടികളുണ്ടായില്ല. കടമുറികളുടെ വാടക ഇനത്തിൽ മുൻവർഷങ്ങളിലെ കുടിശ്ശിക ആയി 59.66 ലക്ഷം രൂപ കുടിശ്ശികയുള്ളതായി വാർഷിക ധനകാര്യപത്രികയിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ വിശദാംശം സഹിതം കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ആയത് പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഓഡിറ്റ് വർഷത്തെ വാടകക്കുടിശ്ശിക ഇനത്തിലും 14.38 ലക്ഷം രൂപ പിരിച്ചെടുക്കാനുണ്ട്. തുടർച്ചയായി കുടിശ്ശിക വരുത്തുന്നവരെ മുറികളുടെ കത്തകക്കാരായി തുടരാൻ അനുവദിക്കുന്ന എന്നത് ഗുരുതരമായ അപാകമാണ്. ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ പുനർലേലം നടത്തുന്നതിന് നാളിതുവരെ ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.

ക്ഷേമപ്പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടശേഷവും അവരുടെ പെൻഷൻ അക്കൗണ്ടുകൾ നാളിതുവരെ സസ്പെന്റ് ചെയ്യാഞ്ഞതിനാൽ പെൻഷൻ തുക പിന്നീടും കൈമാറി നൽകി. ഈ വിഷയത്തിൽ അപാകം ആവർത്തിക്കാതിരിക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതുണ്ട്. പ്രവർത്തിക്കാത്ത പൊതുടാപ്പുകൾക്കും വെള്ളക്കരം ഒടുക്കിവരുന്നത് തനത് ഫണ്ടിന്റെ ദുർവ്യയത്തിനിടയാക്കുന്നു. ആയത് പരിഹരിക്കാൻ ഭരണതല നടപടികൾ ഉണ്ടായിട്ടില്ല. മുൻവർഷങ്ങളിൽ ജീവനക്കാർക്ക് വിവിധ ഔദ്യോഗിക ആവശ്യങ്ങൾക്ക് നൽകിയ മുൻകൂറുകളിൽ ഗണ്യമായ തുക ക്രമീകരിച്ചിട്ടില്ല. വിവിധ പദ്ധതികൾക്ക് സർക്കാർ അനുവദിച്ച ഗ്രാന്റിൽ 1.96 കോടി രൂപ പദ്ധതിപ്രവർത്തനങ്ങൾക്ക് അനുസൃതമായി ചെലവഴിച്ചില്ല. നഗരസഭയിൽ നിന്നും ഒക്യുപ്പെൻസി ലഭിച്ചതിനുശേഷം കെട്ടിടങ്ങളിൽ വ്യാപകമായ അനധികൃത നിർമ്മാണം നടന്നുവരുന്നുണ്ട്. ആയത് കണ്ടെത്തുന്നതിന് പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നില്ല.

പുതിയ മുനിസിപ്പൽ ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിനായുള്ള പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള പഴയ കെട്ടിടത്തിന്റെ സ്ഥലപരിമിതി നഗരസഭയുടെ ഓഫീസ് പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. വസ്തു നികുതി, തൊഴിൽ നികുതി, വാടക എന്നിവയുടെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14-12-2020മുതൽ 05-01-2021വരെ | 2018-19മുതൽ 2019-20വരെ | 01-03-2021 |
| പെർഫോമൻസ് ഓഡിറ്റ് | 14-02-2011 | 2009-10 | 31-12-2011 |

## 1-11 വസ്തുനികുതി കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ളത് ഭീമമായ തുക

നഗരസഭയിലെ പാർപ്പിട, പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തു നികുതി, സർവ്വീസ് സെസ്സ്, ലൈബ്രറി സെസ്സ് എന്നീയിനങ്ങളുടെ കുടിശ്ശികയിനത്തിൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 41890898 രൂപ പിരിച്ചെടുക്കാനുണ്ട്. സഞ്ചയ പ്രകാരം ദീർഘനാളുകളായി കുടിശ്ശിക ഈടാക്കാനുള്ളത് സംബന്ധിച്ച ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ വിവരങ്ങൾ | സഞ്ചയ പ്രകാരമുള്ള വസ്തുനികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | 1 | 387 | സെക്രട്ടറി, മലങ്കര കത്തോലിക് എഡ്യൂക്കേഷൻ സൊസൈറ്റി,പറന്തൽ | 174246 |
| 2 | 3 | 247 | കെ ആർ ശിവാനന്ദൻ, കോട്ടപ്പുറത്ത് വീട്,പന്നിവിഴ | 58066 |
| 3 | 4 | 243 | ദി പ്രൊവീൻഷ്യൽ സുപ്പീരിയർ സൊസൈറ്റി ഓഫ് ദി സിസ്റ്റേഴ്സ് ഹോളിക്രോസ് | 489232 |
| 4 | 5 | 246 | സെക്രട്ടറി, ഇൻഡ്യൻ റെഡ് ക്രോസ് സൊസൈറ്റി,അടൂർ | 125216 |
| 5 | 5 | 395 | റ്റി.റ്റി. യേശുദാസ്, ലക്ഷ്മി നിവാസ്,ഓച്ചിറ | 769532 |
| 6 | 5 | 622 | കലഞ്ഞൂർ മധു, പ്രസിഡൻറ് എൻ എസ് എസ് താലൂക്ക് യൂണിയൻ,അടൂർ | 197576 |
| 7 | 5 | 663 | സെക്രട്ടറി, എസ് എൻ ടി പി യൂണിയൻ,അടൂർ | 50559 |
| 8 | 5 | 664 | സെക്രട്ടറി, എസ് എൻ ടി പി യൂണിയൻ,അടൂർ | 52689 |
| 9 | 5 | 676 | എം.കെ. പൊന്നമണി, മണിമന്ദിരം,കരുവാറ്റ,അടൂർ | 66165 |
| 10 | 5 | 681 | എം.കെ. പൊന്നമണി, മണിമന്ദിരം,കരുവാറ്റ,അടൂർ | 194899 |
| 11 | 5 | 682 | എം.കെ. പൊന്നമണി, മണിമന്ദിരം,കരുവാറ്റ,അടൂർ | 184641 |
| 12 | 5 | 966 | ശാമുവേൽ ജോസ്, ജോസ് ഭവനം,നടുവിലെ മുറി | 291340 |
| 13 | 5 | 967 | ശാമുവേൽ ജോസ്, ജോസ് ഭവനം,നടുവിലെ മുറി | 276775 |
| 14 | 5 | 968 | ശാമുവേൽ ജോസ്, ജോസ് ഭവനം,നടുവിലെ മുറി | 262215 |

| | | | | |
|---|---|---|---|---|
| 15 | 5 | 969 | ശാമുവേൽ ജോസ്, ജോസ് ഭവനം,നടുവിലെ മുറി | 247640 |
| 16 | 8 | 310 | ശാമുവേൽ, പാറവിള പുത്തൻ വീട് | 50742 |
| 17 | 15 | 405 | ജി.പി. മോഹന ചന്ദ്രൻ, ഗോവിന്ദ മന്ദിരം,പറക്കോട് | 63594 |
| 18 | 15 | 612 | റ്റി.കെ. അലക്സാണ്ടർ, കടുവിനാൽ പുത്തൻവീട്,പറക്കോട് | 81414 |
| 19 | 16 | 22 | കെ .ആർ.മോഹനചന്ദ്രൻ, മകരി,പറക്കോട് | 129808 |
| 20 | 16 | 92 | സെൽവൻ പി. അലക്സ്, അലക്സ് വില്ല,കണ്ണംകോട് | 85575 |
| 21 | 16 | 553 | പ്രസിഡൻറ്, വൈ എം സി എ,പറക്കോട് | 64614 |
| 22 | 17 | 119 | വിൽസൺ കെ., പുത്തൻവിളയിൽ വീട്,പറക്കോട് | 60999 |
| 23 | 20 | 32 | ട്രസ്റ്റി സെൻറ് തോമസ് ഓർത്തഡോക്സ് ചർച്ച്, കണ്ണംകോട് | 203948 |
| 24 | 20 | 114 | കെ.എം.ജോർജ് , കെ.എം. ചെറിയാൻ, കാഞ്ഞിരക്കാട്ട് ലവ്ഡേ, കരുവാറ്റ | 64416 |
| 25 | 20 | 399 | സെക്രട്ടറി, കെൻ കോസ് | 61452 |
| 26 | 20 | 400 | സെക്രട്ടറി, കെൻകോസ് | 231240 |
| 27 | 20 | 542 | ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് | 197298 |
| 28 | 20 | 549 | മോറാൻ മാർ ബസേലിയോസ്, കാതലിക്കോസ് സിറിയൻ കാത്തലിക്ക് ചർച്ച് | 52506 |
| 29 | 20 | 648 | ചിന്നമ്മ ബേബി, കടവുങ്കൽ വീട്,അടൂർ | 65128 |
| 30 | 20 | 670 | സണ്ണി വർഗീസ്, ബ്ലെസി ഭവൻ,കണ്ണംകോട്,പറന്തൽ | 140943 |
| 31 | 20 | 671 | സണ്ണി വർഗീസ്, ബ്ലെസി ഭവൻ,കണ്ണംകോട്,പറന്തൽ | 142584 |
| 32 | 20 | 695 | പി .എം ജോസ്, പ്ലാംമൂട്ടിൽ വില്ല, കുളനട | 521860 |
| 33 | 20 | 696 | പി .എം ജോസ്, പ്ലാംമൂട്ടിൽ വില്ല, കുളനട | 535694 |
| 34 | 20 | 697 | പി .എം ജോസ്, പ്ലാംമൂട്ടിൽ വില്ല, കുളനട | 535694 |
| 35 | 20 | 698 | പി .എം ജോസ്, പ്ലാംമൂട്ടിൽ വില്ല, കുളനട | 461544 |
| 36 | 20 | 699 | പി .എം ജോസ്, പ്ലാംമൂട്ടിൽ വില്ല, കുളനട | 548094 |
| 37 | 20 | 775 | പി .എം ജോസ്, പ്ലാംമൂട്ടിൽ വില്ല, കുളനട | 1406967 |
| 38 | 20 | 776 | പി .എം ജോസ്, പ്ലാംമൂട്ടിൽ വില്ല, കുളനട | 70314 |
| 39 | 20 | 777 | പി .എം ജോസ്, പ്ലാംമൂട്ടിൽ വില്ല, കുളനട | 769338 |
| 40 | 20 | 786 | മാത്യു തോമസ്, പുറംചുറ്റിൽ വീട്,കണ്ണംകോട് | 62748 |
| 41 | 21 | 23 | നജീം,നിസ്സാമുദ്ദീൻ, അലുവിലയിൽ,ഏഴംകുളം | 70958 |
| 42 | 21 | 97 | പ്രസിഡൻ്റ്, സെക്രട്ടറി, സുവാർത്താ ഫുൾ ഗോസ്പൽ ചർച്ച്,കണ്ണംകോട് | 76626 |
| 43 | 21 | 294 | പി .എം ജോസ്, പ്ലാംമൂട്ടിൽ വില്ല, കുളനട | 193770 |
| 44 | 23 | 230 | റജീലാ ഷാജഹാൻ, കെ.ആർ ഷാജഹാൻ,ചരി ഞ്ഞവിളയിൽ ഹൌസ്,അടൂർ | 75258 |
| 45 | 24 | 279 | പ്രസിഡൻറ് മാത്യുതോമസ്, റോട്ടറി ക്ലബ്,കണ്ണംകോട് | 66103 |
| 46 | 24 | 790 | മാർ കുറിലോസ് മെത്രാപൊലീത്ത കോൺവെൻറ്, കൊല്ലം ബദ്രാസനം സെൻമേരീസ് കോൺവെൻറ് | 59616 |
| 47 | 24 | 791 | മാർ കുറിലോസ് മെത്രാപൊലീത്ത ,സെൻകോൺവെൻറ് | 52476 |
| 48 | 24 | 794 | സെൻറ് മേരീസ് എം എം സി എച്ച് എസ് ക്യാമ്പസ് | 90504 |
| 49 | 24 | 898 | മാത്യു ജോർജ്ജ് മേഴ്സികുട്ടി പി. സക്റിയ, ചിറ്റുണ്ടയിൽ | 70728 |
| 50 | 24 | 901 | മാത്യു ജോർജ്ജ്, മേഴ്സികുട്ടി പി. സ്കറിയ, ചിറ്റുണ്ടയിൽ | 300198 |
| 51 | 24 | 1754 | റ്റോം വർഗ്ഗീസ് , ബിൻസി ആനി വർഗ്ഗീസ്, ഗിൽഗാൽ ഭവൻ,വയല | 81325 |
| 52 | 24 | 1755 | റ്റോം വർഗ്ഗീസ് , ബിൻസി ആനി വർഗ്ഗീസ്, ഗിൽഗാൽ ഭവൻ,വയല | 96530 |
| 53 | 24 | 1759 | സോമരാജൻ, പത്മ സോമരാജൻ, കുരീത്തടിയിൽ,കോമല്ലൂർ | 70428 |
| 54 | 24 | 1761 | സി.ഡി. പീറ്റർ, അബിട്രേഡേഴ്സ്,അടൂർ, | 98742 |

| | | | | |
|---|---|---|---|---|
| 55 | 24 | 1762 | സി.ഡി.പീറ്റർ, അബിട്രേഡ്സ്,അടൂർ | 66855 |
| 56 | 24 | 1769 | തുളസീധരൻ, കളകണ്ടത്തിൽ കിഴക്കേതിൽ,പോരുവഴി | 206337 |
| 57 | 24 | 1778 | റെജി ജോൺ, തടവിള പുത്തൻ വീട്,പന്നിവിഴ | 71656 |
| 58 | 25 | 8 | അഗ്രികൾച്ചറൽ ഓഫീസർ(സീഡ് ഫാം) | 74052 |
| 59 | 25 | 342 | സുമാദേവിയമ്മ, പരുത്തിപള്ളിൽ,അടൂർ | 114669 |
| 60 | 25 | 343/1 | ഗീതാ സുരേഷ്, കൈതവിളയിൽ,. | 118624 |
| 61 | 25 | 358 | ഷീലാ വർഗ്ഗീസ്, കോയിയ്ക്കൽ പുത്തൻവീട്,കണ്ണംകോട് | 69507 |
| 62 | 25 | 361 | ഷീലാ വർഗ്ഗീസ്, കോയിയ്ക്കൽ പുത്തൻവീട്,കണ്ണംകോട് | 112582 |
| 63 | 25 | 363 | ഷീലാ വർഗ്ഗീസ്, കോയിയ്ക്കൽ പുത്തൻവീട്,കണ്ണംകോട് | 88986 |
| 64 | 25 | 365 | ഷീലാ വർഗ്ഗീസ്, കോയിയ്ക്കൽ പുത്തൻവീട്,കണ്ണംകോട് | 58026 |
| 65 | 25 | 366 | ഷീലാ വർഗ്ഗീസ്, കോയിയ്ക്കൽ പുത്തൻവീട്,കണ്ണംകോട് | 151249 |
| 66 | 25 | 367 | ഷീലാ വർഗ്ഗീസ്, കോയിയ്ക്കൽ പുത്തൻവീട്,കണ്ണംകോട് | 60493 |
| 67 | 25 | 369 | ഷീലാ വർഗ്ഗീസ്, കോയിയ്ക്കൽ പുത്തൻവീട്,കണ്ണംകോട് | 64755 |
| 68 | 25 | 406 | ഷീലാ വർഗ്ഗീസ്, കോയിയ്ക്കൽ പുത്തൻവീട്,കണ്ണംകോട് | 118404 |
| 69 | 26 | 301 | സുരേഷ്, ശിവപ്രയാഗ്,മൂന്നാളം | 90888 |
| 70 | 27 | 41 | സിസ്റ്റർ സൂസൻ മൂലായിൽ,ഹോളിക്രോസ് കോളേജ് ഓഫ് നഴ്സിംഗ്,കരുവാറ്റ | 87702 |
| 71 | 27 | 42 | സിസ്റ്റർ സൂസൻ മൂലായിൽ,ഹോളിക്രോസ് കോളേജ് ഓഫ് നഴ്സിംഗ്,കരുവാറ്റ | 82128 |
| 72 | 27 | 315 | ചന്ദ്രിക കെ. നായർ, തറയിൽ വീട്,കരുവാറ്റ | 96798 |
| 73 | 27 | 427 | ബദറുദ്ദീൻ ജസീനബദറുദ്ദിൻ, ഗാലക്സി ഹോം,അടൂർ | 110446 |
| 74 | 27 | 428 | ബദറുദ്ദീൻ ജസീനബദറുദ്ദിൻ, ഗാലക്സി ഹോം,അടൂർ | 88682 |
| 75 | 27 | 758 | രാജൻ ജോൺ, ചന്തവിളയിൽ,കലയപുരം, | 83698 |
| 76 | 27 | 774 | ജേക്കബ് തോമസ്, പടിഞ്ഞാറേ വീട്,കരുവാറ്റ,അടൂർ | 134550 |
| 77 | 27 | 775 | ജേക്കബ് തോമസ്, പടിഞ്ഞാറേ വീട്,കരുവാറ്റ,അടൂർ | 143448 |
| 78 | 27 | 789 | കെ.ജി.അശോകൻ, അശോക് ഭവൻ,കരുവാറ്റ,അടൂർ | 69534 |
| 79 | 27 | 852 | DR രാജൻ ഷൈനി രാജൻ, ശങ്കർ ജ്യോതി ആയൂർ വേദി ക് ഹെർബൽസ് | 75322 |
| 80 | 27 | 865 | ജി. രാജൻ, പൊൻ പ്രഭ,കരുവാറ്റ,കരുവാറ്റ അടൂർ പി ഒ,691523) | 113865 |
| 81 | 27 | 869 | ജോസഫ് ജോൺ, കൊല്ലം കേരി ബംഗ്ലാവ്,കരുവാറ്റ | 81040 |
| 82 | 27 | 871 | മന മോഹൻ, മാനസി ശ്രീ ഗോവിന്ദ്,മൂന്നാളം | 73570 |
| 83 | 27 | 872 | നിസാം, നാസ്,കരുവാറ്റ | 63639 |
| 84 | 27 | 954 | ഗീത എ. കുറുപ്പ്, വൈഷ്ണവം,അടൂർ | 133923 |
| 85 | 27 | 956 | ഗീത എ. കുറുപ്പ്, വൈഷ്ണവം,അടൂർ | 191712 |
| 86 | 27 | 957 | ഗീത എ. കുറുപ്പ്, വൈഷ്ണവം,അടൂർ | 86628 |
| 87 | 27 | 958 | ഗീത എ. കുറുപ്പ്, വൈഷ്ണവം,അടൂർ | 90462 |
| 88 | 28 | 215 | സതീഷ് കുമാർ, ചന്ദ്രാലയം,കരുവാറ്റ | 64233 |
| 89 | 28 | 402 | ഡയറക്ടർ ഡിപ്പാർട്ട്മെൻറ് ഓഫ് ടൂറിസം, പാർക്ക് വ്യൂ,തിരുവനന്തപുരം) | 117774 |
| 90 | 28 | 463 | ജൂഡി ബാബു, ഗ്രേസി ബാബു, പടിഞ്ഞാറെ വീട്,കണ്ണംകോട് | 414748 |
| 91 | 28 | 471 | സതീഷ് കുമാർ, സൗപർണിക,കരുവാറ്റ | 71891 |

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കുടിശ്ശിക 11309779 രൂപ മാത്രമാണ്. ഇത്തരത്തിൽ കണക്കുകളിൽ വ്യതിയാനം വന്നത് വിശദീകരിക്കുന്നതിനും വസ്തുനികുതിയിനത്തിൽ 2022 മാർച്ച് 31 വരെയുള്ള കളക്ഷൻ തുകയിൽ സഞ്ചയയിൽ പോസ്റ്റ് ചെയ്യാൻ അവശേഷിക്കുന്നവ ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും ഓഡിറ്റ് എൻക്വയറി(40/17.02.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ചെക്ക് മുഖേനയും അക്കൗണ്ട് ട്രാൻസ്ഫർ

മുഖേനയും ലഭിച്ച തുകകളുടെ വിവരങ്ങൾ സഞ്ചയയിൽ പോസ്റ്റ് ചെയ്യാൻ അവശേഷിക്കുന്നുണ്ടെന്നും മുൻവർഷങ്ങളിൽ വേക്കൻസി റെമിഷൻ അനുവദിച്ചതിന്റെ വിവരങ്ങൾ സഞ്ചയയിൽ ചേർത്തിട്ടില്ലെന്നും ആയതിനാലാണ് വാർഷിക ധനകാര്യപത്രികയും സഞ്ചയയും തമ്മിൽ വലിയ വ്യത്യാസം കാണിക്കുന്നതെന്നും റവന്യൂവിഭാഗം സൂപ്രണ്ട് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. സഞ്ചയ സോഫ്റ്റ്‌വെയർ പ്രതിഫലിപ്പിക്കുന്നത് യഥാർത്ഥ വിവരമല്ലയെന്ന് ബോധ്യമുള്ള സാഹചര്യത്തിലും പ്യൂരിഫിക്കേഷൻ നടപടികൾ സ്വീകരിക്കാത്തത് ഉചിതമല്ല. നഗരസഭയിൽ ഓൺലൈൻ മുഖേന നികുതി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ സഞ്ചയയിലെ വിവരങ്ങൾ കൃത്യമാക്കേണ്ടത് അടിയന്തര പ്രാധാന്യമർഹിക്കുന്നതാണ്. സഞ്ചയയിലെ വിവരങ്ങൾ കൃത്യമാക്കുന്നതിനും കേരള മുൻസിപ്പാലിറ്റി ആക്ടിലെ 538, 538എ, എന്നിവയിൽ അനുശാസിച്ചിട്ടുള്ളതു പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് (റവന്യൂ റിക്കവറി ഉൾപ്പെടെ) വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 സർക്കാർ കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക 44.94 ലക്ഷം രൂപ

നഗരസഭ പരിധിയിലുള്ള സർക്കാർ കെട്ടിടങ്ങളുടെ 2021-22 വരെയുള്ള വസ്തുനികുതി കുടിശ്ശികയിനത്തിൽ സഞ്ചയ പ്രകാരം 4494117 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | വാർഡ് നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ വിവരങ്ങൾ | വസ്തുനികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | 5 | 105 | സബ് ഡിവിഷണൽ എഞ്ചിനിയർ (ഇൻഡോർ), ബി.എസ്.എൻ.എൽ. | 677814 |
| 2 | 5 | 106 | സബ് ഡവിഷണൽ എഞ്ചിനിയർ (ഇൻഡോർ), ബി.എസ്.എൻ.എൽ. | 154266 |
| 3 | 5 | 158 | സബ് ഇൻസ്പെക്ടർ ഓഫ് പോലിസ് | 78984 |
| 4 | 5 | 159 മുതൽ 186 വരെ | സബ് ഇൻസ്പെക്ടർ ഓഫ് പോലിസ്, പോലിസ് ക്വാർട്ടേഴ്സ് | 26457 |
| 5 | 5 | 322 | ആർ.ഡി.ഒ. ഓഫിസ് | 41304 |
| 6 | 5 | 323 | ജുഡിഷ്യൽ ഫസ്റ്റ്ക്ലാസ്സ് മജിട്രേറ്റ് | 64884 |
| 7 | 5 | 324 | മജിട്രേറ്റ് കോർട്ട് | 98412 |
| 8 | 5 | 325 | മജിട്രേറ്റ് | 34776 |
| 9 | 5 | 327 | മജിട്രേറ്റ് കോർട്ട് | 69552 |
| 10 | 5 | 328 | മുൻസിഫ്, മുൻസിഫ് കോർട്ട് | 34776 |
| 11 | 5 | 329 | മജിട്രേറ്റ്, ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിട്രേറ്റ് | 34776 |
| 12 | 5 | 330 | മജിട്രേറ്റ്, മജിസ്ട്രേറ്റ് കോർട്ട് | 48300 |
| 13 | 5 | 331 | മുൻസിഫ്, മുൻസിഫ് കോർട്ട് | 24150 |
| 14 | 5 | 723 | അസിസ്റ്റന്റ് പ്രോജക്ട മാനേജർ റവന്യൂ ടവർ, അടൂർ | 775 |
| 15 | 5 | 741 | അസിസ്റ്റന്റ് പ്രോജക്ട മാനേജർ റവന്യൂ ടവർ, അടൂർ | 184 |
| 16 | 5 | 742 | അസിസ്റ്റന്റ് പ്രോജക്ട മാനേജർ റവന്യൂ ടവർ, അടൂർ | 8046 |
| 17 | 5 | 747 | അസിസ്റ്റന്റ് പ്രോജക്ട മാനേജർ റവന്യൂ ടവർ, അടൂർ | 7392 |
| 18 | 5 | 755 | അസിസ്റ്റന്റ് പ്രോജക്ട മാനേജർ റവന്യൂ ടവർ, അടൂർ | 14178 |
| 19 | 5 | 759 | അസിസ്റ്റന്റ് പ്രോജക്ട മാനേജർ റവന്യൂ ടവർ, അടൂർ | 61936 |
| 20 | 5 | 772 | അസിസ്റ്റന്റ് പ്രോജക്ട മാനേജർ റവന്യൂ ടവർ, അടൂർ | 135 |
| 21 | 5 | 778 | അസിസ്റ്റന്റ് പ്രോജക്ട മാനേജർ റവന്യൂ ടവർ, അടൂർ | 244 |
| 22 | 5 | 818 | അസിസ്റ്റന്റ് പ്രോജക്ട മാനേജർ റവന്യൂ ടവർ, അടൂർ | 1155 |
| 23 | 5 | 829 | അസിസ്റ്റന്റ് പ്രോജക്ട മാനേജർ റവന്യൂ ടവർ, അടൂർ | 271 |
| 24 | 5 | 854 | അസിസ്റ്റന്റ് പ്രോജക്ട മാനേജർ റവന്യൂ ടവർ, അടൂർ | 3881 |
| 25 | 5 | 855 | അസിസ്റ്റന്റ് പ്രോജക്ട മാനേജർ റവന്യൂ ടവർ, അടൂർ | 22194 |
| 26 | 5 | 856 | അസിസ്റ്റന്റ് പ്രോജക്ട മാനേജർ റവന്യൂ ടവർ, അടൂർ | 25920 |
| 27 | 5 | 857 | അസിസ്റ്റന്റ് പ്രോജക്ട മാനേജർ റവന്യൂ ടവർ, അടൂർ | 25920 |

| | | | | |
|---|---|---|---|---|
| 28 | 5 | 858 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 587937 |
| 29 | 5 | 859 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 82993 |
| 30 | 5 | 860 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 93475 |
| 31 | 5 | 861 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 82993 |
| 32 | 5 | 862 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 69520 |
| 33 | 5 | 863 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 82993 |
| 34 | 5 | 864 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 82993 |
| 35 | 5 | 865 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 82993 |
| 36 | 5 | 866 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 82993 |
| 37 | 5 | 867 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 78614 |
| 38 | 5 | 868 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 90386 |
| 39 | 5 | 869 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 61474 |
| 40 | 5 | 870 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 78614 |
| 41 | 5 | 871 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 68618 |
| 42 | 5 | 872 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 19339 |
| 43 | 5 | 873 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 97423 |
| 44 | 5 | 874 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 18992 |
| 45 | 5 | 875 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 22815 |
| 46 | 5 | 876 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 25920 |
| 47 | 5 | 877 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 14354 |
| 48 | 5 | 878 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 19710 |
| 49 | 5 | 879 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 10827 |
| 50 | 5 | 880 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 7101 |
| 51 | 5 | 881 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 53699 |
| 52 | 15 | 271 | ബ്ലോക്ക് ഓഫീസ്, പറക്കോട് | 101568 |
| 53 | 15 | 272 | ബ്ലോക്ക് ഓഫീസ്, പറക്കോട് | 193776 |
| 54 | 15 | 273 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 28845 |
| 55 | 15 | 274 | സെക്രട്ടറി, പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 5798 |
| 56 | 15 | 275 | ബ്ലോക്ക് ഓഫീസ് ഷോപ്പ് റൂം, പറക്കോട് | 2286 |
| 57 | 15 | 276 | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്,പറക്കോട് | 2620 |
| 58 | 15 | 277 | പറക്കോട്, ബ്ലോക്ക് ഓഫീസ്, പറക്കോട് | 3494 |
| 59 | 16 | 411 | എക്സൈസ് റേഞ്ച് ഓഫീസ്,പറക്കോട് | 27402 |
| 60 | 16 | 412 | എക്സൈസ് റേഞ്ച് ഓഫീസ്, പറക്കോട് | 9144 |
| 61 | 21 | 120 | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനിയർ, റോഡ് സബ്ഡിവിഷൻ | 15591 |
| 62 | 21 | 121 | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനിയർ ,റോഡ് സബ്ഡിവിഷൻ | 46149 |
| 63 | 21 | 122 | അസിസ്റ്റന്റ് എക്സിക്യൂട്ടി എൻജിനിയർ, റോഡ് സബ്ഡിവിഷൻ | 109854 |
| 64 | 22 | 348 | എക്സി. എൻജിനീയർ, കെ.ഐ.പി. ഹൈഡ്രോളജി ഡിവിഷൻ | 16938 |
| 65 | 22 | 349 | എക്സി. എൻജിനീയർ, കെ.ഐ.പി. ഹൈഡ്രോളജി ഡിവിഷൻ | 18552 |
| 66 | 22 | 350 | അസ്സി.എൻജിനീയർ, കെ.ഐ.പി.(ആർ.ബി.)സബ് ഡിവിഷൻ നം.7 | 1344 |
| 67 | 22 | 351 | അസ്സി എക്സ് എൻജിനീയർ(കെ ഐ പി (ആർ ബി)) | 1344 |

| | | | | |
|---|---|---|---|---|
| 68 | 22 | 352 | എക്സ്. എൻജിനീയർ, കെ ഐ പി ഒ/എം ഡിവിഷൻ | 1344 |
| 69 | 22 | 353 | എക്സ്. എൻജിനീയർ, കെ ഐ പി ഒ/എം ഡിവിഷൻ | 1344 |
| 70 | 22 | 354 | എക്സ്. എൻജിനീയർ, കെ ഐ പി ഒ/എം ഡിവിഷൻ | 3294 |
| 71 | 22 | 355 | എക്സ്. എൻജിനീയർ, കെ ഐ പി ഒ/എം ഡിവിഷൻ | 1956 |
| 72 | 22 | 356 | എക്സ്. എൻജിനീയർ, കെ ഐ പി ഒ/എം ഡിവിഷൻ | 1956 |
| 73 | 22 | 357 | എക്സ്. എൻജിനീയർ, കെ ഐ പി ഒ/എം ഡിവിഷൻ | 1956 |
| 74 | 22 | 358 | എക്സ്. എൻജിനീയർ, കെ ഐ പി ഒ/എം ഡിവിഷൻ | 1956 |
| 75 | 28 | 337 | അസ്സിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ, കെ .സ്.ഇ.ബി | 57886 |
| 76 | 28 | 338 | എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ | 25641 |
| 77 | 28 | 339 | എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ | 67362 |
| 78 | 28 | 340 | എക്സിക്യൂട്ടീവ് എൻജിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ | 50989 |
| 79 | 13 | 133 | എക്സിക്യൂട്ടീവ് എഞ്ചി നിയർ, കേരള വാട്ടർ അതോറിറ്റി | 100032 |
| 80 | 13 | 134 | എക്സിക്യൂട്ടീവ് എഞ്ചി നിയർ, കേരള വാട്ടർ അതോറിറ്റി | 116238 |
| | | | ആകെ | 4494117 |

മുകളിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും സ്ഥാപനങ്ങൾ കുടിശ്ശിക ഒടുക്ക് വരുത്തിയിട്ടുള്ളത് സഞ്ചയയിൽ പോസ്റ്റ് ചെയ്യാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുന്നതിനും ഓഡിറ്റ് എൻക്വയറി (42/17.02.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെ സ്വീകരിച്ച് വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-13 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുത്തില്ല

മുനിസിപ്പാലിറ്റി പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകളുടെ 2021-22 വരെയുള്ള വസ്തുനികുതി കുടിശ്ശികയിനത്തിൽ സഞ്ചയ പ്രകാരം 634181 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ വിവരങ്ങൾ | വസ്തുനികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | 5 | 881 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ | 53699 |
| 2 | 6 | 384 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, പാലാരിവട്ടം | 23400 |
| 3 | 8 | 310 | ശാമുവേൽ,പാറവിള പുത്തൻ വീട് | 50742 |
| 4 | 24 | 244 | ഇൻഡസ് ടവർ ലിമിറ്റഡ്, ബൈപ്പാസ് റോഡ് കൊച്ചി | 265248 |
| 5 | 24 | 655 | ടവർ കമ്മ്യൂണിക്കേഷൻ,അടൂർ | 72450 |
| 6 | 24 | 1128 | ഡിഷ്നെറ്റ് വയർലെസ് ലിമിറ്റഡ് | 85842 |
| 7 | 24 | 1792 | റിലയൻസ് ജിയോ ഇൻഫോ കമ്മ്യൂണിക്കേഷൻ | 82800 |
| | | | ആകെ | 634181 |

മുകളിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും സ്ഥാപനങ്ങൾ കുടിശ്ശിക ഒടുക്ക് വരുത്തിയിട്ടുള്ളത് സഞ്ചയയിൽ പോസ്റ്റ് ചെയ്യാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുന്നതിനും ഓഡിറ്റ് എൻക്വയറി (44/19.01.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെ സ്വീകരിച്ച് വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-14 വാടക -കുടിശ്ശിക ഇനത്തിൽ വൻ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു

1. തന് വർഷത്തെ വാടക കുടിശ്ശിക 14.38 ലക്ഷം രൂപ

നഗരസഭയുടെ നിയന്ത്രണത്തിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ/മാർക്കറ്റുകളിലെ മുറികൾ/സ്റ്റാളുകൾ

എന്നിവയുടെ വാടകയുമായി ബന്ധപ്പെട്ട കളക്ഷൻ രജിസ്റ്റർ പ്രകാരം 21-22 സാമ്പത്തിക വർഷം ആകെ ലഭിക്കേണ്ട വാടകത്തുകയിൽ 14.38 ലക്ഷം രൂപ 2023 ഫെബ്രുവരി മാസം വരെ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. ആകെ ഡിമാന്റ് ചെയ്ത 66,54,463 രൂപയിൽ 52,15,569 രൂപയാണ് 21-22, 22-23 സാമ്പത്തിക വർഷങ്ങളിലായി പിരിച്ചെടുത്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഷോപ്പിംഗ് കോംപ്ലക്സ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| 1 | അനന്തരാമപുരം മാർക്കറ്റ് | 53,97,239 | 44,41,044 | 956195 |
| 2 | ശ്രീമൂലം മാർക്കറ്റ് | 7,49,216 | 475049 | 274167 |
| 3 | തട്ട റോഡ് മാർക്കറ്റ് | 59,460 | 54,928 | 4532 |
| 4 | സെൻട്രൽ ടോൾ | 4,48,548 | 2,44,548 | 2,04,000 |
| ആകെ | | 66,54,463 | 52,15,569 | 14,38,894 |

പിരിച്ചെടുക്കുവാൻ അവശേഷിക്കുന്ന 14.38 ലക്ഷം രൂപയുടെ വിശദവിവരം ചുവടെ ചേർക്കുന്നു

| അനന്തരാമപുരം മാർക്കറ്റ് | | | |
|---|---|---|---|
| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | കുടിശ്ശിക തുക |
| 1 | 3 | സിസിലി കുഞ്ഞുമോൻ, പറങ്കിമാംവിള | 3252 |
| 2 | 13 | ശശിധരൻപിള്ള, ശ്രീനിലയം | 8432 |
| 3 | 22 | സലിം, ചാമവിള പുത്തൻവീട് | 109512 |
| 4 | 25 | മെഹർബാൻ, അൻസാർ മൻസിൽ | 28400 |
| 5 | 35 | ബാലൻ, കുറ്റിയിൽ | 35616 |
| 6 | 36 | മനോഹരൻ, മലമുറ്റത്ത് | 35640 |
| 7 | 37 | അബ്ദുൾസലാം, ബാവ മൻസിൽ | 28872 |
| 8 | 38 | മനോഹരൻ, കാവിന്റെ കിഴക്കേതിൽ | 32028 |
| 9 | 39 | മനോഹരൻ, കാവിന്റെ കിഴക്കേതിൽ | 28464 |
| 10 | 40 | മനോഹരൻ, കാവിന്റെ കിഴക്കേതിൽ | 29580 |
| 11 | 45 | തങ്കച്ചൻ, പുത്തൻവിളയിൽ | 35100 |
| 12 | 48 | അബ്ദുൾ ഷുഹൈബ്, ഷുഹൈബ് മൻസിൽ | 101904 |
| 13 | 73 | നഹമത്തുള്ള, ഷിഫാ മൻസിൽ | 129450 |
| 14 | 75 | സുഭാഷ്, ഇടത്തുണ്ടിൽ വീട് | 105480 |
| 15 | 79 | മനോഹരൻ, നെടത്തല വീട് | 13892 |
| 16 | 83 | രഘു, തയ്യിൽ വീട് | 6672 |
| 17 | 84 | രഘു, തയ്യിൽ വീട് | 8160 |
| 18 | 85 | മുഹമ്മദ് കുഞ്ഞ്, ഷെഫീക്ക് മൻസിൽ | 3300 |
| 19 | 89 | റഹീം, ആക്കനാട് പുത്തൻവീട് | 2453 |
| 20 | 102 | മുഹമ്മദാലി, മുഹമ്മദ് മൻസിൽ | 15816 |
| 21 | 104 | ആസിഫ്, ഉടയാൻവിള പുത്തൻവീട് | 11304 |
| 22 | 108 | ബേബി, വള്ളത്തുർ കിഴക്കേതിൽ | 1362 |
| 23 | 109 | സുനിൽകുമാർ, നിലമേൽ തെക്കേക്കര | 33600 |
| 24 | 110 | കാർത്ത്യായനി, പുല്ലേലികോണത്ത് | 22152 |
| 25 | 117 | ഷൗക്കത്തുള്ള, കളപ്പുറത്ത് | 23152 |
| 26 | 130 | മുഹമ്മദാലി, വടക്കേനിര പീടികയിൽ | 10176 |
| 27 | 135 | മനോജ്കുമാർ, വിനോദ് ഭവനം | 16020 |
| 28 | 152 | ലിജോ സി. മാത്യു, ചുറ്റുമുരുപ്പേൽ | 31834 |
| 29 | 153 | ലിജോ സി. മാത്യു, ചുറ്റുമുരുപ്പേൽ | 44572 |
| ആകെ | | | 956195 |

| | | | |
|---|---|---|---|
| ശ്രീമൂലം മാർക്കറ്റ് | | | |
| 1 | 4 | ആനി, പുലിച്ചാണിയിൽ | 104196 |
| 2 | 9 | മുഹമ്മദാലി,മുഹമ്മദ് മൻസിൽ | 14837 |
| 3 | 10 | ബിനു, കൊച്ചുവീട്ടിൽ | 22284 |
| 4 | 15 | യശോധരപ്പണിക്കർ, വടക്കേക്കര പുത്തൻവീട് | 5256 |
| 5 | 17 | റജി, കൽത്തുണ്ടിൽ പുത്തൻവീട് | 11112 |
| 6 | 27 | ബിജയ് തോമസ്, താവളത്തിൽ | 52920 |
| 7 | 31 | നസീമാ ബീവി, ഉടയാൻവിള പുത്തൻവീട് | 21336 |
| 8 | 32 | താജുദ്ദീൻ, തൻസിൽ മൻസിൽ | 10224 |
| 9 | 38 | കരുണാകരൻ, പുത്തൻവിള തെക്കേതിൽ | 12258 |
| 10 | 39 | ബാബു, തോണ്ടലിൽ | 13419 |
| 11 | 40 | റജി, കൽത്തുണ്ടിൽ പുത്തൻവീട് | 2105 |
| 12 | 41 | റജി, കൽത്തുണ്ടിൽ പുത്തൻവീട് | 2110 |
| 13 | 42 | റജി, കൽത്തുണ്ടിൽ പുത്തൻവീട് | 2110 |
| ആകെ | | | 274167 |
| തട്ട റോഡ് മാർക്കറ്റ് | | | |
| 1 | 6 | രാജൻ, കൊച്ചുകാഞ്ഞിരവിള | 4532 |
| ആകെ | | | 4532 |
| സെൻട്രൽ ടോൾ മാർക്കറ്റ് | | | |
| 1 | 4 | ജയകുമാർ, വലിയവീട് | 204000 |
| ആകെ | | | 204000 |

2. മുൻവർഷങ്ങളിലെ കുടിശ്ശിക 59.66 ലക്ഷം

വാർഷിക ധനകാര്യ പത്രിക പ്രകാരം, നഗരസഭയുടെ നിയന്ത്രണത്തിലുള്ള വിവിധ മാർക്കറ്റുകളിലെ മുറികൾ/സ്റ്റാളുകൾ എന്നിവയുടെ വാടക ഇനത്തിൽ മുൻ വർഷങ്ങളിലെ കുടിശ്ശികയായി 59,66,378 രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്ന തുകയുടെ ആധികാരികത ബോധ്യപ്പെടുവാൻ സാധിച്ചിട്ടില്ല. കുടിശ്ശിക സംബന്ധിച്ച കണക്കുകൾ കൃത്യമാക്കി ഡിമാന്റ് രജിസ്റ്ററിൽ വിശദാംശം ഉൾപ്പെടുത്താത്തത് ഗുരുതരമായ കൃത്യവിലോപം ആണ്. അപാകം പരിഹരിച്ച് വാടകക്കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുന്നതിലേക്ക് ഭരണതല നടപടികൾക്ക് ശുപാർശ ചെയ്യുന്നു.

3. വർഷങ്ങളായി വാടകക്കുടിശ്ശിക വരുത്തുന്നവരെ വാടകക്കാരായി തുടരുവാൻ അനുവദിക്കുന്നു

നഗരസഭയുടെ നിയന്ത്രണത്തിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികൾ/സ്റ്റാളുകൾ വാടകയ്ക്ക് എടുക്കുകയും തുടർച്ചയായ വർഷങ്ങളിൽ വാടക കുടിശ്ശിക വരുത്തുകയും ചെയ്യുവർക്ക് തുടർന്നും മുറികൾ/സ്റ്റാളുകൾ വാടകയ്ക്ക് അനുവദിച്ച് നൽകുന്നത് ക്രമപ്രകാരമല്ല. തുടർനടപടികൾ സ്വീകരിക്കുന്നതിനായി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അനന്തരാമപുരം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | | | | |
|---|---|---|---|---|
| ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് | കുടിശ്ശിക വിവരം | |
| | | | വർഷം | തുക |
| 1 | 45 | തങ്കച്ചൻ, പുത്തൻവിളയിൽ | 19-20 | 21216 |
| | | | 20-21 | 33420 |
| | | | 21-22 | 35100 |
| 2 | 83 | രഘു, തയ്യിൽ വീട് | 19-20 | 1512 |
| | | | 20-21 | 6348 |
| | | | 21-22 | 6672 |
| 3 | 84 | രഘു, തയ്യിൽ വീട് | 18-19 | 3522 |

| | | | | |
|---|---|---|---|---|
| | | | 19-20 | 7392 |
| | | | 20-21 | 7764 |
| | | | 21-22 | 8160 |
| 4 | 104 | ആസിഫ്, ഉടയാൻവിള പുത്തൻവീട് | 18-19 | 4065 |
| | | | 19-20 | 10248 |
| | | | 20-21 | 10764 |
| | | | 21-22 | 11304 |
| 5 | 130 | മുഹമ്മദ് അലി, വടക്കേനിര പീടികയിൽ | 18-19 | 7320 |
| | | | 19-20 | 9228 |
| | | | 20-21 | 9684 |
| | | | 21-22 | 10176 |
| 6 | 135 | മനോജ് കുമാർ, വിനോദ് ഭവനം | 18-19 | 10776 |
| | | | 19-20 | 11316 |
| | | | 20-21 | 11880 |
| | | | 21-22 | 12480 |
| ശ്രീമൂലം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 1 | 04 | ആനി, പുലിച്ചാണിയിൽ | 18-19 | 15000 |
| | | | 19-20 | 94500 |
| | | | 20-21 | 99228 |
| | | | 21-22 | 104196 |
| 2 | 15 | യശോധരപ്പണിക്കർ, വടക്കേക്കര | 19-20 | 3970 |
| | | | 20-21 | 5004 |
| | | | 21-22 | 5256 |
| 3 | 27 | ബിജയ് തോമസ്സ്, താവളത്തിൽ | 19-20 | 44000 |
| | | | 20-21 | 50400 |
| | | | 21-22 | 52920 |
| 4 | 31 | നസീമാ ബീവി, ഉടയാൻവിള പുത്തൻവീട് | 19-20 | 1612 |
| | | | 20-21 | 20316 |
| | | | 21-22 | 21336 |
| 5 | 32 | താജ്ജുദ്ദീൻ, തൻസിൽ മൻസിൽ | 15-16 | 3180 |
| | | | 16-17 | 8016 |
| | | | 17-18 | 8400 |
| | | | 18-19 | 8820 |
| | | | 19-20 | 9264 |
| | | | 20-21 | 9732 |
| | | | 21-22 | 10224 |

4. വാടകക്കാർ നിയമാനുസൃത കരാറിൽ ഏർപ്പെടുന്നില്ല

നഗരസഭയുടെ നിയന്ത്രണത്തിലുള്ള വിവിധ മാർക്കറ്റുകളിലെ 181 മുറികൾ/സ്റ്റാളുകൾ 2021-22 സാമ്പത്തിക വർഷം വാടകയ്ക്ക് നൽകിയിട്ടുണ്ടെന്ന് കളക്ഷൻ രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നു. മുറികൾ/സ്റ്റാളുകൾ തുടർച്ചയായി കൈവശം വയ്ക്കുന്നവർ എല്ലാ സാമ്പത്തിക വർഷവും വാടകക്കരാർ പുതുക്കേണ്ടതാണ്. എന്നാൽ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 65 വാടകക്കാർ മാത്രമാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. സാമ്പത്തിക വർഷം പുതുക്കേണ്ടിയിരുന്ന 116 കരാറുകളുടെ വിവരം രജിസ്റ്ററിൽ ലഭ്യമല്ല. ടി കരാറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുമില്ല. നിയമാനുസൃതമായി കരാറിൽ ഏർപ്പെടാത്തവർക്കെതിരെ തുടർനടപടികൾ സ്വീകരിച്ചതായും കാണുന്നില്ല. 116 പേർ നിയമാനുസൃതം കരാർ ചമയ്ക്കാത്തതിനാൽ മുദ്രപ്പത്രത്തിന്റെ വിലയിനത്തിൽ സംസ്ഥാന സർക്കാറിന് 23,200 രൂപയുടെ (116 X 200) നഷ്ടം ഉണ്ടായെന്ന് മാത്രമല്ല കരാർ ലംഘനത്തിനെതിരെ നടപടി സ്വീകരിക്കാൻ കഴിയാത്ത സ്ഥിതി സംജാതമാകുകയും

ചെയ്തു.

5. ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ ലേലം ചെയ്യുന്നതിൽ വീഴ്ച

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ ചുവടെ ചേർത്തിട്ടുള്ള മുറികൾ/സ്റ്റാളുകൾ 21-22 സമ്പത്തിക വർഷം വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞുകിടക്കുന്നതായി കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു.

| ഷോപ്പിംഗ് കോംപ്ലക്സ് | കടമുറി നമ്പർ |
|---|---|
| അനന്തരാമപുരം മാർക്കറ്റ് | 41, 42, 80, 115, 116, 121, 150, 125(1) |
| ശ്രീമൂലം മാർക്കറ്റ് | 23, 30, 33, 34, 35, 36, 37, 43 |
| തട്ട മാർക്കറ്റ് | 1, 7, 10, 12 |
| സെൻട്രൽ ടോൾ | 3 |

ഇതിൽ അനന്തരാമപുരം മാർക്കറ്റിലെ റൂം നമ്പർ 121, 150; ശ്രീമൂലം മാർക്കറ്റിലെ റൂം നമ്പർ 30, 33, 34, 35, 36, 37; തട്ട മാർക്കറ്റ് റോഡിലെ റൂം നമ്പർ 07, 10, 12 എന്നിവ മെയിന്റനൻസ് പ്രവൃത്തികളുടെ ഭാഗമായി ഒഴിച്ചിട്ടിരിക്കുകയാണെന്നാണ് കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത് (ഇതേ കാരണത്താൽ 2019-20 സാമ്പത്തിക വർഷം മുതൽ ടി കടമുറികൾ ഒഴിച്ചിട്ടിരിക്കുകയാണ്). അവശേഷിക്കുന്ന മറ്റ് കടമുറികൾ എന്ത് കാരണത്താലാണ് വാടകയ്ക്ക് നൽകാത്തതെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 29/16.02.23) മറുപടി ലഭ്യമാക്കിയില്ല. മെയിന്റനൻസ് പ്രവൃത്തിയ്ക്കുവേണ്ടിയും മറ്റ് കാരണങ്ങളാലും ഒഴിച്ചിട്ടിരിക്കുന്ന കടമുറികൾ, നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സമയബന്ധിതമായി വാടകയ്ക്ക് നൽകാത്തതിനാൽ നഗരസഭയ്ക്ക് വരുമാനച്ചോർച്ച ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

6. ഷോപ്പിംഗ് കോംപ്ലക്സ് - ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല

കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 567, 572 എന്നിവ പ്രകാരം ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് കൊടുക്കുന്നതിനായി ബൈലോ തയ്യാറാക്കി സർക്കാറിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഈ വിഷയം പരാമർശിച്ചിട്ടുണ്ടെങ്കിലും തുടർനടപടി സ്വീകരിക്കാത്തത് സംബന്ധിച്ച് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

ഓഡിറ്റ് വർഷത്തെയും മുൻവർഷങ്ങളിലെയും വാടകക്കുടിശ്ശിക പൂർണ്ണമായും ഈടാക്കുന്നതിനും ഒഴിച്ചിട്ടിരിക്കുന്ന കടമുറികൾ കൂടി വാടകയ്ക്ക് നൽകുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 പ്രൈവറ്റ് ബസ് സ്റ്റാന്റ് ഫീസ് പിരിവ് - 2.25 ലക്ഷം രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു

അടൂർ പുതിയ പ്രൈവറ്റ് ബസ്സ് സ്റ്റാന്റ് ഫീസ് പിരിവ് നടത്തുന്നതിന് 2021-22 സാമ്പത്തിക വർഷം കരാർ എടുത്തിരുന്നത് ശ്രീകുമാർ, പ്രസിഡന്റ്, ഓൾ കേരള ബസ്സ് ഓപ്പറേറ്റേഴ്സ് ഓർഗനൈസേഷൻ എന്ന വ്യക്തിയാണ്. 4,50,001 രൂപയായിരുന്നു കരാർ തുക. ലേല നടപടികളുമായി ബന്ധപ്പെട്ട കളക്ഷൻ രജിസ്റ്റർ പ്രകാരം ടിയാൾ ലേലത്തുകയിനത്തിൽ 2,25,001 രൂപ മാത്രമാണ് ഒടുക്കുവരുത്തിയിട്ടുള്ളത്. കോവിഡ് ലോക്ക് ഡൗൺ കാരണം ബസ് സ്റ്റാന്റ് ഫീസ് പിരിവ് കുറവാണെന്നും ആയതിനാൽ ലേലത്തുകയിൽ ഇളവ് അനുവദിക്കണമെന്നും കാണിച്ച് നഗരസഭാ കൗൺസിലിന് കത്ത് നൽകിയെങ്കിലും നഗരസഭയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ലാത്തതിനാലും ലേലത്തുക പൂർണ്ണമായി ഒടുക്കിയിട്ടില്ലാത്തതിനാലും ചട്ടപ്രകാരം കിസ്റ്റ് ഇളവ് അനുവദിക്കാനാകില്ലെന്ന് ടിയാനെ നഗരസഭ അറിയിച്ചു. ടി തീരുമാനത്തിനെതിരെ ടിയാൾ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും, ടിയാൻ ഒടുക്കുവരുത്തിയിട്ടുള്ള തുകയുടെ അടിസ്ഥാനത്തിൽ 31.03.2022വരെ ഫീസ് പിരിക്കുന്നതിനുള്ള അനുവാദം നേടിയെടുക്കുകയും ചെയ്തു. 31.03.2022-ന് ശേഷം ടിയാൻ ബാക്കിത്തുക ഒടുക്കുവരുത്തേണ്ടതില്ലായെന്ന് ബഹു. ഹൈക്കോടതിയുടെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടില്ലാത്തതിനാൽ നിയമാനുസൃത നടപടികളിലൂടെ ബാക്കി ലേലത്തുക ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഈ വിഷയത്തിൽ തുടർനടപടി സ്വീകരിച്ചിട്ടില്ല. ഇക്കാരണങ്ങളാൽ നഗരസഭയ്ക്ക് 2,25,000 രൂപ വരുമാന നഷ്ടം ഉണ്ടായി. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 15/10.02.23) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശികത്തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം 8-ാം ചട്ടത്തിൽ പറഞ്ഞിട്ടുള്ള ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ച് തൊഴിൽ

നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പേര് വിവരങ്ങൾ, തസ്തിക, വരുമാനം എന്നിവ രേഖപ്പെടുത്തുന്ന ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സ്ഥാപന മേധാവികൾ സമർപ്പിക്കുന്ന റിട്ടേണുകൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന മുറയ്ക്ക് ക്രമനമ്പർ നൽകി ശരിയായി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മുഴുവൻ റിട്ടേണുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കാൻ സാധിച്ചില്ല. സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, കരാറുകാർ, വ്യാപാരികൾ, ആധാരമെഴുത്തുകാർ തുടങ്ങിയവരുടെ തൊഴിൽനികുതി ഡിമാന്റ് വിവരം പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. കുടിശ്ശിക വിവരം വ്യക്തമാക്കുന്ന കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ടി തുക പിരിച്ചെടുക്കാനാവാതെ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം സംഭവിക്കാനുള്ള സാധ്യത നിലനിൽക്കുന്നു.

സുപ്രധാന രേഖകളായ ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ ഗുരുതരമായ അലംഭാവം പുലർത്തുന്നതിനെ ഗൗരവത്തോടെ കാണുന്നു. അപാകം പരിഹരിച്ച് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 തൊഴിൽ നികുതി പിരിവ്-കാര്യക്ഷമമല്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 245- ാം വകുപ്പ് പ്രകാരം ഓരോ നഗരസഭാ പ്രദേശത്തും ഓരോ അർദ്ധവർഷവും 60 ദിവസത്തിൽ കുറയാതെ ഇടപാടുകൾ നടത്തുന്ന ഓരോ സ്ഥാപനങ്ങളുടേയും, ആകെ 60 ദിവസത്തിൽ കുറയാതെ നഗരസഭാ പ്രദേശത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും നഗരസഭക്ക് അധികാരമുണ്ട്. നഗരസഭയുടെ ഏറ്റവും പ്രധാനപ്പെട്ട വരുമാന സ്രോതസ്സാണ് തൊഴിൽ നികുതി. എന്നാൽ അടൂർ നഗരസഭയിൽ തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല. ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷം തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധ വർഷം |
|---|---|---|
| 1 | പ്രീമെട്രിക് ഹോസ്റ്റൽ | 1st & 2nd |
| 2 | ശ്രീറാം ലൈഫ് ഇൻഷ്വറൻസ് | 1st & 2nd |
| 3 | കെ.കെ.ജി.സൂപ്പർ മാർക്കറ്റ് | 1st & 2nd |
| 4 | കെഎസ്എഫ്ഇ. സെക്കൻഡ് ബ്രാഞ്ച് | 1st & 2nd |
| 5 | ബിഎസ്എൻഎൽ .അടൂർ | 1st & 2nd |
| 6 | റീ സർവ്വേ സൂപ്രണ്ട് ഓഫീസ്.അടൂർ | 1st & 2nd |
| 7 | മണിമുറ്റത്ത് നിധി ലിമിറ്റഡ് | 1st & 2nd |
| 8 | ഫാമിലി വെൽഫെയർ സെൻറർ പന്നിവിഴ. | 1st & 2nd |
| 9 | ഇ.എസ്ഐ .ഓഫീസ് അടൂർ | 1st & 2nd |
| 10 | താലൂക്ക് സപ്ലൈ ഓഫീസ് | 1st & 2nd |
| 11 | ഓതറൈസ്ഡ് ഏജൻറ് ഫോർ ഐ.സി.ഐ.സി.ഐ പ്രുഡൻഷ്യൽ എൽ.ഐ.സി ലിമിറ്റഡ്. | 1st & 2nd |
| 12 | അസിസ്റ്റൻറ് കമ്മീഷണർ ഫുഡ് സേഫ്റ്റി ഓഫീസ്. | 1st & 2nd |
| 13 | ഗവൺമെൻറ് എൽ. പി .സ്കൂൾ പറക്കോട്. | 1st & 2nd |
| 14 | ലൈഫ് കെയർ ഫിസിയോതെറാപ്പി ക്ലിനിക് | 1st & 2nd |
| 15 | താലൂക്ക് സപ്ലൈ ഓഫീസ് | 1st & 2nd |
| 16 | J&j കളർ ലാബ് ഡിജിറ്റൽ സ്റ്റുഡിയോ ജോർജ് സൺ ഏജൻസിസ് | 1st & 2nd |
| 17 | എച്ച്ഡി.എഫ്സി. ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് | 1st & 2nd |
| 18 | എസ്. സി ഡെവലപ്മെൻറ് ഓഫീസ് ,പറക്കോട് | 1st & 2nd |
| 19 | ഗ്രീൻവാലി മൾട്ടി തീം പാർക്ക് | 1st & 2nd |
| 20 | ത്രിവേണി സൂപ്പർ മാർക്കറ്റ് | 1st & 2nd |
| 21 | ഫെഡറൽ ബാങ്ക്. | 1st & 2nd |

| | | |
|---|---|---|
| 22 | പവിത്ര ആയുർവേദിക് | 1st & 2nd |
| 23 | തയ്യിൽ പേപ്പർ മാൾട്ട്. | 1st & 2nd |
| 24 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ് | 1st & 2nd |
| 25 | ഇൻഡസ് മോട്ടേഴ്സ്. | 1st & 2nd |
| 26 | അബിയിൽ ഏജൻസീസ് | 1st & 2nd |
| 27 | റിലയൻസ്സ്യൂവൽസ് | 1st & 2nd |
| 28 | മുത്തൂറ്റ് ഫിൻകോർപ്പ് , ആനന്ദപ്പള്ളി | 1st & 2nd |
| 29 | ഹോട്ടൽ ഫിൽ ഫിൽ | 1st & 2nd |
| 30 | ലെമൺ റസ്റ്റോറന്റ് | 1st & 2nd |
| 31 | കായ ബ്യൂട്ടി പാർലർ | 1st & 2nd |
| 32 | ആക്സിസ് ബാങ്ക് | 1st & 2nd |
| 33 | സൗത്ത് ഇൻഡ്യൻബാങ്ക് | 1st & 2nd |
| 34 | അസിസ്റ്റൻറ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ പറക്കോട് | 1st & 2nd |
| 36 | ഗവൺമെൻറ് എൽ പി സ്കൂൾ പറക്കോട് | 1st & 2nd |
| 37 | എൽ.ബി.എസ്.സബ് സെൻറർ | 1st & 2nd |
| 38 | നന്തിലത്ത് ജി-മാർട്ട് | 1st & 2nd |
| 39 | ഫാമിലി വെൽഫെയർ സെൻറർ പന്നിവിഴ | 1st & 2nd |
| 40 | ഐ .സി. ഡി. പി സബ് സെൻറർ | 1st & 2nd |
| 41 | ബ്രൈറ്റ് സൂപ്പർമാർക്കറ്റ് | 1st & 2nd |
| 42 | റിലയൻസ് ഫ്യൂവൽസ് | 1st & 2nd |
| 43 | കൊശമറ്റം ഫിനാൻസ് | 1st & 2nd |
| 44 | എച്ച്ഡിഎഫ്സി ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് | 1st & 2nd |
| 45 | ശിവറാം ഹിന്ദി ഹാൾമാർക്കിങ് | 1st & 2nd |
| 46 | ധർമ്മൂസ് ഫിഷ് ലാബ് ഐസിഎസ്ഇ പ്രൂഡൻഷ്യൽ | 1st & 2nd |
| 47 | ജോർജ് സൺസ് ആൻഡ് സ്റ്റീൽ | 1st & 2nd |
| 48 | സി .ഡി .പി .എസ് സെൻറർ പറക്കോട് | 1st & 2nd |
| 49 | മണിമല നന്തിലത്ത് ജി-മാർട്ട് | 1st & 2nd |
| 50 | തയ്യിൽ പേപ്പർ മാൾട്ട് | 1st & 2nd |
| 51 | കൊശമറ്റം ഫിനാൻസ്. | 1st & 2nd |
| 52 | കോയിപ്പുറത്ത് ഫാർമസ്യൂട്ടിക്കൽസ്. | 1st & 2nd |
| 53 | ശാലോം ടയേഴ്സ്. | 1st & 2nd |
| 54 | മനോജ് ടെമ്പർ ഇൻഡസ്ട്രീസ് | 1st & 2nd |
| 55 | പോസ്റ്റ് മാസ്റ്റർ ബ്രാഞ്ച് പോസ്റ്റ് ഓഫീസ് | 1st & 2nd |
| 56 | സബ് ഗ്രൂപ്പ് ഓഫീസർ ദേവസ്വം ബോർഡ് അട്ടൂർ | 1st & 2nd |
| 57 | ജയ മാർബിൾസ് ആൻഡ് ഗ്രാനൈറ്റ്സ് | 1st & 2nd |
| 58 | ഐ സി ടി സി കൗൺസിൽ | 1st & 2nd |
| 59 | പവ്വത്ത് ജ്വല്ലറി | 1st & 2nd |

2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3(2) പ്രകാരം സ്വയം തൊഴിൽ ചെയ്യുന്ന

സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, അഭിഭാഷകർ, സഹകരണ സംഘം ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾ, ബാങ്കർമാർ തുടങ്ങിയവർക്ക് നിശ്ചയിച്ച പരമാവധി അർധവാർഷിക തൊഴിൽ നികുതി 1250 രൂപയാണ്. എന്നാൽ ഈ ഗണത്തിൽ പെടുന്ന താഴെ പറയുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടില്ല.

| | | |
|---|---|---|
| 1 | സഹകരണബാങ്കുകൾ, സഹകരണ സംഘങ്ങൾ | 1st & 2nd |
| 2 | അഭിഭാഷകർ | 1st & 2nd |
| 3 | അംഗീകൃത കരാറുകാർ. | 1st & 2nd |
| 4 | സ്വകാര്യ ഡോക്ടർമാർ | 1st & 2nd |
| 5 | സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ | 1st & 2nd |
| 6 | പെട്രോൾ,ഡീസൽ പമ്പുകൾ, സർവ്വീസ് സ്റ്റേഷൻ എന്നിവ നടത്തുന്നവർ. | 1st & 2nd |
| 7 | ടൂറിസ്റ്റ് ടാക്സി കാറുകൾ, ബസുകൾ എന്നിവയുടെ ഉടമസ്ഥർ | 1st & 2nd |

മേൽ പരാമർശിച്ചവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിനുള്ള വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 24 തീയതി 15.02.2023) മറുപടി ലഭ്യമാക്കിയില്ല. നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളെയും, അതിലെ തൊഴിലാളികളെയും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഇടാക്കേണ്ടതാണ്.

## 1-18 ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിന് ഒക്യുപ്പൻസി അനുവദിച്ചു

അടൂർ വില്ലേജിൽ സർവ്വേ നം. 342/7, 342/8 എന്നിവയിലുള്ള 840ച.മീ പ്ലോട്ടിൽ ശ്രീ. ബിനുരാജ്, എടത്തുണ്ടിൽ ബിനുഭവൻ, കിളിവയൽ എന്ന വ്യക്തി പെർമിറ്റ് എടുത്ത് (E2-TBA(17273)/2017/24.04.2017) നിർമ്മാണം പൂർത്തിയാക്കിയ 1698.15ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിട-വാണിജ്യ കെട്ടിടത്തിന് 06.05.2021-ൽ E2/3450/2017 നമ്പരായി ഒക്യുപ്പൻസിയും 24/1604 മുതൽ 24/1617 വരെ കെട്ടിടനമ്പറുകളും അനുവദിച്ചിട്ടുണ്ട്. ഒക്യുപ്പൻസി അനുവദിച്ചതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കാർപ്പറ്റ് ഏരിയ കണക്കാക്കിയിരിക്കുന്നത് കൃത്യമല്ല.

കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ 1999, ചട്ടം 2(1)(n) പ്രകാരം കാർപ്പറ്റ് ഏരിയ എന്നത് സ്റ്റെയർകെയ്സ്, ലിഫ്റ്റ് വെൽസ്, എസ്കലേറ്റേഴ്സ്, ഡക്റ്റ്സ്, ടോയ്ലറ്റ്സ്, എയർ കണ്ടീഷൻ പ്ലാന്റ് റൂം , ഇലക്ട്രിക്കൽ കൺട്രോൾ റൂം എന്നിവ ഒഴിവാക്കിയതിന് ശേഷമുള്ള ഉപയോഗിക്കാവുന്ന തറ വിസ്തീർണ്ണമാണ്. കാർപ്പറ്റ് ഏരിയ കണക്കാക്കുന്നതിന് ഓരോ നിലയിലെയും ആകെ ഫ്ലോർ ഏരിയയിൽ നിന്നും 20% ഫ്ലോർ ഏരിയ കുറക്കാവുന്നതാണ്. കംപ്ലീഷൻ പ്ലാനിൽ കെട്ടിടത്തിന്റെ ഒന്നാം നിലയിലും രണ്ടാം നിലയിലുമുള്ള റസിഡൻഷ്യൽ യൂണിറ്റുകളുടെ കാർപ്പറ്റ് ഏരിയ രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നില | ഉപയോഗഗണം | ഫ്ലോർ ഏരിയ (ച.മീ.) | പ്ലാനിൽ കാണിച്ചിട്ടുള്ള കാർപ്പറ്റ് ഏരിയ | യഥാർത്ഥ കാർപ്പറ്റ് ഏരിയ |
|---|---|---|---|---|
| ഒന്നാം നില (പാർപ്പിടാവശ്യം) | ഫ്ലാറ്റ്-1 | 119.04 | 64.70 | 95.23 |
| | ഫ്ലാറ്റ്-2 | 99 | 64.70 | 79.20 |
| | ഫ്ലാറ്റ്-3 | 95.29 | 54.77 | 76.23 |
| | ഫ്ലാറ്റ്-4 | 95.10 | 54.67 | 76.08 |
| ആകെ | | 408.43 | 238.84 | 326.74 |
| രണ്ടാം നില (പാർപ്പിടാവശ്യം) | ഫ്ലാറ്റ്-5 | 119.04 | 64.70 | 95.23 |
| | ഫ്ലാറ്റ്-6 | 99 | 64.70 | 79.20 |
| | ഫ്ലാറ്റ്-7 | 95.29 | 54.77 | 76.23 |
| | ഫ്ലാറ്റ്-8 | 95.10 | 54.67 | 76.08 |
| ആകെ | | 408.43 | 238.84 | 326.74 |

2 ആവശ്യമായ പാർക്കിംഗ് സൗകര്യം ലഭ്യമല്ല.

കെട്ടിടത്തിന്റെ യഥാർത്ഥ കാർപ്പറ്റ് ഏരിയ അനുസരിച്ച് 16 കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യം ആവശ്യമാണ്.

എന്നാൽ പ്ലോട്ടിൽ 10 കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യം മാത്രമേ ലഭ്യമായുള്ളൂ. കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ 1999, ചട്ടം 34, ടേബിൾ 5.1, 5.2 എന്നിവ പ്രകാരമുള്ള പാർക്കിംഗ് ആവശ്യകത ചുവടെ ചേർക്കുന്നു

| നില | ഫ്ലോർ ഏരിയ (ച.മീ.) | വിനിയോഗഗണം | കാർപ്പറ്റ് ഏരിയ (ച.മീ) | ആവശ്യമായ കാർ പാർക്കിംഗുകളുടെ എണ്ണം |
|---|---|---|---|---|
| സെല്ലാർ ഫ്ലോർ | 416.89 | പാർക്കിംഗ് | 9 | - |
| താഴത്തെ നില | 416.89 | വാണിജ്യാവശ്യം | 329.87 | 5 എണ്ണം (329.87/75=4.40) |
| ഒന്നാം നില | 408.43 | പാർപ്പിടാവശ്യം (4 യൂണിറ്റ്സ്) | 60ച.മീറ്ററിൽ കൂടുതൽ കാർപ്പറ്റ് വിസ്തീർണ്ണമുള്ള യൂണിറ്റുകൾ-8 എണ്ണം | 11 എണ്ണം (60ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള യൂണിറ്റുകൾക്ക് ഓരോന്നു വീതം 8 എണ്ണം+ 30 % അധികമായി സന്ദർശക പാർക്കിംഗ് 3എണ്ണം) |
| രണ്ടാം നില | 408.43 | പാർപ്പിടാവശ്യം (4 യൂണിറ്റ്സ്) | | |
| സ്റ്റെയർ ക്യാബിൻ | 47.51 | - | - | - |
| ആകെ | 1698.15 | | | 16 എണ്ണം |

കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ സെല്ലാർ നിലയിൽ 7 കാർപാർക്കിംഗും വടക്ക് ഭാഗത്ത് രണ്ട് കാറുകളുടെ പാർക്കിംഗും മുൻഭാഗത്ത് ഭിന്നശേഷിക്കാർക്കുള്ള പാർക്കിംഗും നൽകിയിട്ടുണ്ട്. 16 കാറുകൾക്കുള്ള പാർക്കിംഗ് സ്ഥലം ആവശ്യമായ സ്ഥാനത്ത് ആകെ 10 കാറുകൾക്കുള്ള തെരുവ് വിട്ടുള്ള പാർക്കിംഗ് സ്ഥലം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിന് ഒക്യുപ്പൻസി അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (44/20.02.23) മറുപടി ലഭ്യമാക്കിയില്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിന് ഒക്യുപ്പൻസി അനുവദിച്ചതിന് സംബന്ധിച്ച് ചീഫ് ടൗൺ പ്ലാനർ(വിജിലൻസ്) അന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-19 ക്രമവത്ക്കരണം അനുവദിച്ചതിലും വസ്തുനികുതി നിർണ്ണയിച്ചതിലും അപാകത

അടൂർ വില്ലേജിൽ ബ്ലോക്ക് നം. 8-ൽ സർവ്വേ നം. 671/7-ലുള്ള 865ച.മീ പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന 623.39 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ രണ്ടാം നിലയിൽ ഡോ. കുസുമം തോമസ്സ്, ശ്രീമതി ശ്വേത സൂസൻ തോമസ്സ്, ശ്രീ. സച്ചിൻ തോമസ്സ് എന്നിവർ എന്നിവർ പെർമിറ്റെടുക്കാതെ നിർമ്മിച്ച രണ്ടാം നില ക്രമവത്ക്കരിച്ച് 29/12/2021-ൽ BA-642/20-21 നമ്പരായി ഒക്യുപ്പൻസി അനുവദിച്ചിട്ടുണ്ട്. ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് പ്രകാരമുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം, ഉപയോഗക്രമം എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നില | വിനിയോഗഗണം | ബിൽറ്റ് അപ് ഏരിയ (ച.മീ.) |
|---|---|---|
| നിലവിലുണ്ടായിരുന്ന കെട്ടിട ഭാഗം<br>തറനിരപ്പ് നില | പാർപ്പിടാവശ്യം | 296.39 |
| ഒന്നാം നില | പാർപ്പിടാവശ്യം | 327 |
| ക്രമവത്ക്കരിച്ച കെട്ടിട ഭാഗം<br>രണ്ടാം നില | വാണിജ്യാവശ്യം | 296.39 |
| ആകെ | | 919.78 |

ക്രമവത്ക്കരണം അനുവദിച്ചതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വിനിയോഗഗണങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല.

ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് പ്രകാരം കെട്ടിടത്തിന്റെ തറനിരപ്പ് നില, ഒന്നാം നില എന്നിവ പാർപ്പിടാവശ്യത്തിനുള്ളതും രണ്ടാം നില വാണിജ്യാവശ്യത്തിനുള്ളതുമാണ്. എന്നാൽ കംപ്ലീഷൻ പ്ലാനിൽ തറനിരപ്പ് നില, ഒന്നാം നില എന്നിവ വാണിജ്യാവശ്യത്തിനുള്ളതും രണ്ടാം നില വിദ്യാഭ്യാസാവശ്യത്തിനുള്ളതുമാണ്. സഞ്ചയ

സോഫ്റ്റ് വെയറിൽ തറനിരപ്പ് നില (കെട്ടിട നം.22/33) ഹോസ്പിറ്റൽ ആവശ്യത്തിനുള്ളതും ഒന്നാം നില(22/574), രണ്ടാം നില(22/575) എന്നിവ വാണിജ്യാവശ്യത്തിനുള്ളതുമാണ്. നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ ഉപയോഗത്തിൽ മാറ്റം വരുത്തുന്നതിന് കേരള മുനിസിപ്പാലിറ്റി (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ ആവശ്യമാണ് എന്നാൽ കെട്ടിട ഉടമ ഈ ആവശ്യത്തിനായി അപേക്ഷകളൊന്നും സമർപ്പിച്ചിട്ടില്ല.

2. പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണവിവരങ്ങൾ എഫ്.എസ്.ഐ., കവറേജ് എന്നിവയ്ക്ക് പരിഗണിച്ചിട്ടില്ല.

പ്ലോട്ടിൽ 294ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം(22/560) നിലവിലുള്ളതായി കംപ്ലീഷൻ പ്ലാനിൽ കാണിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ വിസ്തീർണ്ണം ഉൾപ്പെടുത്തിയല്ല. എഫ്.എസ്.ഐ., കവറേജ് എന്നിവ കണക്കാക്കിയിട്ടുള്ളത്.

3. ക്രമവത്ക്കരണം അനുവദിക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

ക്രമവത്ക്കരണ അപേക്ഷകൾ തീർപ്പാക്കുന്നത് ചട്ട പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ്. ക്രമവത്ക്കരണത്തിനുള്ള അപേക്ഷ സമർപ്പണവും അതിന്റെ തീർപ്പാക്കലിന് വേണ്ടിയുള്ള നടപടിക്രമങ്ങളും കേരള മുനിസിപ്പാലിറ്റി (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 93-ൽ വിശദീകരിച്ചിട്ടുണ്ട്. രേഖാമൂലമുള്ള ഒരു ഉത്തരവിലൂടെ സെക്രട്ടറി ക്രമവൽക്കരണം അനുവദിക്കുകയോ അല്ലെങ്കിൽ നിരസിക്കുകയോ ചെയ്യേണ്ടതാണെന്ന് ചട്ടം 95(1) ലും അനുബന്ധം G1 ഫോറത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിക്കുകയും, വിശദാംശങ്ങൾ അനുബന്ധം G2 ഫോറത്തിൽ രേഖപ്പെടുത്തി ഒരു സ്ഥിരം രേഖയായി സൂക്ഷിക്കേണ്ടതാണെന്ന് ചട്ടം 95(3) ലും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിക്കാതെയാണ് ക്രമവത്ക്കരണം അനുവദിച്ചു വരുന്നത്.

4. അനർഹമായ ഇളവ് നൽകി വസ്തുനികുതി നിർണ്ണയിച്ചു

296.39ച.മീ. വിസ്തീർണ്ണമുള്ള 22/575 നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചത് റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തിയാണ്. 1.5മീറ്ററിന് മുകളിൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ ഇളവിനോ വർദ്ധനവിനോ അർഹതയില്ലായിരുന്നു. എന്നാൽ റോഡിന്റെ തരം ‘ 1.5മീറ്ററിൽ കുറവ് ' എന്ന് രേഖപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. തൻമൂലം അടിസ്ഥാന വസ്തുനികുതിയിൽ 10% അനർഹമായ ഇളവ് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ക്രമവത്ക്കരണം അനുവദിച്ചതിലെയും വസ്തുനികുതി നിർണ്ണയിച്ചതിലെയും അപാകതകൾ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(43/20.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-20 ഷീറ്റ് മേൽക്കൂര ക്രമവത്ക്കരിച്ചു നൽകിയത് ചട്ടങ്ങൾ പാലിക്കാതെ

അടൂർ വില്ലേജിൽ സർവ്വേ നം. 375/9-ലുള്ള 360ച.മീ പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന പാർപ്പിട -വാണിജ്യ കെട്ടിടത്തിന്റെ മൂന്നാം നിലയിൽ ശ്രീ. ജോൺസൺ, ശ്രീമതി സുമ ജോൺസൺ എന്നിവർ പെർമിറ്റെടുക്കാതെ നിർമ്മിച്ച ഷീറ്റ് മേൽക്കൂര ക്രമവത്ക്കരിച്ച് 06.07.2021-ൽ ബി.എ.9/21-22 നമ്പരായി ഒക്യുപ്പൻസി അനുവദിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നില | നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ.) | നിർദ്ദിഷ്ട കെട്ടിട ഭാഗത്തിന്റെ വിസ്തീർണ്ണം (ച.മീ.) |
|---|---|---|
| തറനിരപ്പ് നില (വാണിജ്യാവശ്യം) | 170.57 | |
| ഒന്നാം നില (വാണിജ്യാവശ്യം) | 85.80 | |
| ഒന്നാം നില-1 യൂണിറ്റ് (പാർപ്പിടാവശ്യം) | 102.42 | |
| രണ്ടാം നില-2 യൂണിറ്റ് (പാർപ്പിടാവശ്യം) | 188.22 | |
| മൂന്നാം നില (വാണിജ്യാവശ്യം) | 13.21(സ്റ്റെയർ കാബിൻ) | 188.22 (ഷീറ്റ് റൂഫ്) |

ക്രമവത്ക്കരണത്തിനായി സമർപ്പിച്ചിട്ടുള്ള പ്ലാനിൽ നിർദ്ദിഷ്ട നിലയുടെ ബിൽറ്റ് അപ് ഏരിയ, ഫ്ലോർ ഏരിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത വിസ്തീർണ്ണം കണക്കിലെടുക്കാതെയാണ് എഫ്.എസ്.ഐ., തെരുവ് വിട്ടുള്ള പാർക്കിംഗ് ആവശ്യകത, ശുചീകരണ സൗകര്യങ്ങളുടെ ആവശ്യകത എന്നിവ കണക്കാക്കിയിട്ടുള്ളത്. മൂന്ന് നിലകൾ വരെയുള്ളതും 10 മീറ്ററിൽ കൂടുതൽ ഉയരമില്ലാത്തതുമായ ഏകകുടുംബ വാസഗൃഹ കെട്ടിടങ്ങൾ ഒഴികെയുള്ള മറ്റെല്ലാ ഒക്യുപ്പൻസിയ്ക്ക് കീഴിലുള്ള കെട്ടിടങ്ങളുടെ ടെറസ്സിലുള്ള അധിക ഷീറ്റ്/ഓട് മേൽക്കൂര നിർമ്മാണം മറ്റൊരു നിലയായി പരിഗണിക്കേണ്ടതും ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ നിർബന്ധിത ആവശ്യകതകളും കണക്കാക്കുന്നതിനായി ഉൾപ്പെടുത്തേണ്ടതുമാണെന്ന് കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 74(6)-ൽ നിഷ്കർഷിച്ചിട്ടുണ്ട്. നിലവിലുള്ളതും നിർദ്ദിഷ്ടവുമായ കെട്ടിടങ്ങളുടെ വിസ്തീർണ്ണം കണക്കാക്കുമ്പോൾ 6 കാറുകൾ പാർക്ക് ചെയ്യുന്നതിനുള്ള തെരുവ് വിട്ടുള്ള പാർക്കിംഗ് സ്ഥലം ആവശ്യമാണ്. എന്നാൽ പാർക്കിംഗ് പ്ലാനിൽ 3 കാറുകളുടെ പാർക്കിംഗ് മാത്രമാണ് കാണിച്ചിട്ടുള്ളത്.

കെട്ടിടത്തിന്റെ ക്രമവത്ക്കരണഫീസായി 1890 (189x10)രൂപയാണ് ഈടാക്കിയിട്ടുള്ളത്. ചട്ടം 95(4)പ്രകാരം രാജിയാക്കൽ ഫീസ് പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണ്. 3780( 189X20) രൂപ ക്രമവത്ക്കരണ ഫീസിനത്തിൽ ഈടാക്കേണ്ട സ്ഥാനത്ത് 1890രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടം ക്രമവത്ക്കരിച്ച് ഒക്യുപ്പൻസി അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/10.02.2023) എഞ്ചിനീയറിംഗ് വിഭാഗം മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമവത്ക്കരണം അനുവദിച്ചതിലെ അപാകതകൾ സംബന്ധിച്ച് ചീഫ് ടൗൺ പ്ലാനർ(വിജിലൻസ്) അന്വേഷണം നടത്തുന്നത് ഉചിതമാകുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-21 ഒക്യുപ്പൻസിയ്ക്ക് ശേഷം അനധികൃത നിർമ്മാണം വ്യാപകം-പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല

നഗരസഭയിൽ നിന്നും ഒക്യുപ്പൻസി ലഭിച്ചതിനു ശേഷം കെട്ടിടങ്ങളിൽ വ്യാപകമായ അനധികൃത നിർമ്മാണം നടത്തുന്നുണ്ട്. കെട്ടിടങ്ങളിൽ അനധികൃതമായ കൂട്ടിച്ചേർക്കലുകൾ വരുത്തുക, പാർക്കിംഗ് സ്ഥലങ്ങൾ കെട്ടി അടച്ച് കടമുറികളാക്കുക, കെട്ടിടത്തിന് ചുറ്റും നിയമാനുസൃതം ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലങ്ങളിൽ നിർമ്മാണങ്ങൾ നടത്തുക എന്നിവയാണ് കൂടുതലായി കണ്ടുവരുന്നത്. ഒക്യുപ്പൻസി അനുവദിച്ചതിന് ശേഷമുള്ള ഇത്തരം അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനാണ് കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭയിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തുന്നില്ല. തൻമൂലം അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കാതെ വരുന്നു. പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തുന്നതിനും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയില്ല

നഗരസഭ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ 1999-ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുവാൻ പാടില്ലെന്ന് പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 3-ൽ നിഷ്കർഷിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതുമാണ്.

എന്നാൽ നഗരസഭ പ്രദേശത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചുവടെ പറയുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ഓഡിറ്റ് വർഷം രജിസ്ട്രേഷൻ പുതുക്കിയില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ /നടത്തിപ്പുകാരന്റെ വിവരങ്ങൾ |
|---|---|
| 1 | ബ്രില്ല്യൻസ് കോളേജ് |
| 2 | ഹോളിമാതാ സെന്റർ ഫോർ സയൻസ് & ടെക്ക്നോളജി |
| 3 | എഡ്യൂസോൺ പി.എസ്.സി.കോച്ചിംഗ് സെന്റർ |
| 4 | സ്കൂൾ ഓഫ് കമ്പ്യൂട്ടേഴ്സ് ഐ.റ്റി.ഐ |

| | |
|---|---|
| 5 | കാഡ് സെന്റർ |
| 6 | ക്രിയേറ്റ് ഐ.റ്റി.ഐ |
| 7 | ഡ്രീം സ്കൈ എയർലൈൻ അക്കാദമി |
| 8 | എൽ.ബി.എസ്. സെന്റർ |
| 9 | ഇംപീരിയൽ കോളേജ് |
| 10 | ഫോർച്ച്യൂൺ അക്കാദമി |

നഗരസഭാ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ലൈസൻസ്-മൂലധന നിക്ഷേപം- സമർപ്പിക്കപ്പെട്ട വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കിയില്ല

സർക്കാർ ഉത്തരവ് (പി)നമ്പർ 62/20 തസ്വഭവ തീയതി 30-10-20 പ്രകാരം കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 2020 നിലവിൽ വന്നിട്ടുണ്ട്. മേൽചട്ടം പ്രകാരം വിവിധ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ, മറ്റു സേവനങ്ങൾ എന്നിവയെ ഉൽപാദന മേഖല, സേവന മേഖല എന്നിങ്ങനെ തരം തിരിച്ച് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് വാർഷിക ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ 2021-22 ലേക്ക് ലൈസൻസ് പുതുക്കാൻ സമർപ്പിച്ച അപേക്ഷകളിൽ മൂലധന നിക്ഷേപം കണക്കാക്കിയിരിക്കുന്നത് ഫീൽഡ് പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല. ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ രേഖപ്പെടുത്തുന്ന തുകയാണ് മൂലധന നിക്ഷേപമായി കണക്കാക്കുന്നത്. വലിയ മുതൽമുടക്കുള്ള സംരംഭങ്ങൾക്ക് വരെ ഇപ്രകാരം അപേക്ഷകൻ രേഖപ്പെടുത്തുന്ന മൂലധന നിക്ഷേപം സംബന്ധിച്ച് ഫീൽഡ് പരിശോധന നടത്താതെ, ആയതിനെ ആധാരമാക്കി ലൈസൻസ് ഫീ കണക്കാക്കുന്നത് വരുമാനച്ചോർച്ചയ്ക്ക് കാരണമാകും. ആവശ്യമായ പരിശോധന നടത്തി മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പുവരുത്തേണ്ടതും നഗരസഭയുടെ അധികാരത്തിലുള്ള നിയന്ത്രണ ചട്ടങ്ങൾ (Regulatory Functions) സർക്കാർ നയത്തിന് അനുഗുണമായ രീതിയിൽ നടപ്പിലാക്കേണ്ടതുമാണ്.

## 1-24 ജനന- മരണ രജിസ്ട്രേഷൻ ഫീസ്- ഒഴിവാക്കപ്പെടുന്നവരുടെ രേഖകൾ സൂക്ഷിച്ചിട്ടില്ല .

2021-22 വർഷത്തെ ജനന- മരണ രജിസ്ററർ പ്രകാരം 1568 ജനനവും 610 മരണവും രജിസ്ററർ ചെയ്തിട്ടുണ്ട്. ജനന-മരണ രജിസ്ട്രേഷൻ ഫീസ് 25/-രൂപയാണ്. ഇതനുസരിച്ച് ടി നിരക്കിൽ ജനന രജിസ്ട്രേഷൻ ഫീസായി 39200 രൂപയും (1568x25) മരണ രജിസ്ട്രേഷൻ ഫീസായി 15250 രൂപയും (610x25) ഉൾപ്പെടെ ആകെ 54450 രൂപ ലഭിക്കേണ്ടിയിരുന്നതാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ 27425 രൂപയാണ് വരവായി കാണിച്ചിട്ടുള്ളത്. വ്യതാസത്തിന്റെ കാരണം ആരാഞ്ഞ് നൽകിയ ആഡിററ് അന്വേഷണക്കുറിപ്പിന് (നംപർ-24 തീയതി16.02.2023) മറുപടിയായി, ബി.പി.എൽ ലിസ്ററിൽപ്പെട്ട 469 പേരും, എസ്.സി.വിഭാഗത്തിൽപ്പെട്ട 360 പേരും ഉൾപ്പെടെ ആകെ 829 പേർക്ക് ഫീസില്ല എന്നും ഇതാണ് വ്യത്യാസത്തിന് കാരണം എന്നുമാണ് വിശദീകരിച്ചത്. എന്നാൽ ഇപ്രകാരം ഫീസിൽ നിന്ന് ഒഴിവാക്കപ്പെട്ടവരുടെ വിവരം സംബന്ധിച്ച കൃത്യത പരിശോധിക്കുന്നതിനായി യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ല എന്നത് ന്യൂനതയാണ്. ജനന, മരണ രജിസ്റ്ററുകളിലെ രേഖപ്പെടുത്തലിൽ ഉണ്ടായ അപാകം പരിഹരിക്കേണ്ടതും പൂർണ്ണമായ രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

## 1-25 വിനോദ നികുതി ഈടാക്കിയത്- കൃത്യത ഉറപ്പാക്കിയില്ല

ജി.ഒ(എം.എസ്) 123/2017/24.06.2017 ഉത്തരവ് പ്രകാരം ജി.എസ്.റ്റി നിലവിൽ വന്ന ശേഷം 01.07.2017 മുതൽ തദ്ദേശ സ്ഥാപനങ്ങളിൽ വിനോദ നികുതി ഇടാക്കേണ്ടതില്ലായിരുന്നു. സിനിമാ ടിക്കറ്റിന്മേലുള്ള ജി.എസ്.ടി. നിരക്ക് 28%-ൽ നിന്ന് 18% ആയി കുറച്ച സാഹചര്യത്തിൽ, ജി.ഒ (എം.എസ്) 63/2019/LSGD/10.06.2019 പ്രകാരം സിനിമ ടിക്കറ്റിന്മേൽ 10% വിനോദ നികുതി പിരിക്കുവാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകി. ഇ-ടിക്കറ്റിംഗ് നിലവിൽ വരുന്നത് വരെ സിനിമാ ടിക്കറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ലെന്നും പകരം ജി.എസ്.ടി. ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തിയേറ്റർ ഉടമകൾ വിനോദ നികുതി തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വിനോദ നികുതി ഇനത്തിൽ 24,417 രൂപ വരവുണ്ട്. ജി.എസ്.ടി. ഒടുക്കിയ ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായാണോ തിയേറ്റർ ഉടമകൾ വിനോദ നികുതി ഒടുക്കിയിട്ടുള്ളത് എന്ന് പരിശോധിച്ച് ഉറപ്പാക്കുന്നതിന് ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. തീയറ്ററുകളിൽ നിന്ന് ജി.എസ്.റ്റി റിട്ടേണുകൾ വാങ്ങി ആയതിന്റെ കൃത്യത ബോദ്ധ്യപ്പെടേണ്ടതും, ഒടുക്കിയ വിനോദനികുതിയിൽ കുറവ് ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് ഈടാക്കേണ്ടതുമാണ്.

## 1-26 വിവിധ പദ്ധതികൾക്ക് ലഭിച്ച ഗ്രാന്റിൽ 1.96 കോടി രൂപ ചെലവഴിച്ചിട്ടില്ല

നഗരസഭക്ക് 2021-2022 സാമ്പത്തിക വർഷം പദ്ധതി നിർവഹണത്തിനായി സർക്കാർ അനുവദിച്ച തുകയിൽ 19688250 രൂപ ചെലവഴിക്കാതെ ലാപ്സാക്കി. ലാപ്സായ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | *തൻവർഷ വരവ്* | *ചെലവ്* | *ലാപ്സായ തുക* |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 23932386 | 21738201 | 2194185 |
| വികസനഫണ്ട് (എസ്.സി.പി.) | 16710369 | 13424133 | 3286236 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 16870452 | 13213590 | 3656862 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 16025856 | 5474889 | 10550967 |
| ആകെ | | | 19688250 |

പദ്ധതികൾ സമയബന്ധിതമായി ആവിഷ്കരിച്ച് നടപ്പാക്കാതിരുന്നതു മൂലമാണ് ഇത്തരത്തിൽ ഭീമമായ തുക ചെലവഴിക്കാൻ സാധിക്കാതെ വന്നിട്ടുള്ളത്. നാടിന്റെ വികസനപ്രവർത്തനങ്ങൾക്ക് സർക്കാരിൽ നിന്ന് ലഭിക്കുന്ന ഫണ്ട് ചെലവഴിക്കാത്തത് അഭിലഷണീയമല്ല. പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വിവിധോദ്ദേശ്യ ഗ്രാന്റുകൾ ഫലപ്രദമായി ചെലവഴിക്കുന്നതിനും ഭരണതല നടപടികൾക്ക് ശുപാർശ ചെയ്യുന്നു.

## 1-27 പാമ്പേറ്റുകുളം സാംസ്കാരികനിലയം - നിർമ്മിച്ച കെട്ടിടം ഉപയോഗപ്പെടുത്തിയില്ല

നഗരസഭയുടെ അധീനതയിലുള്ള പാമ്പേറ്റുകുളത്തിനോട് ചേർന്ന സ്ഥലത്ത് രണ്ട് നിലകളിലായി കെട്ടിടം ഭാഗികമായി നിർമ്മിക്കുന്നതിന് വൻതുക ചെലവഴിച്ചു. എന്നാൽ നിർമ്മാണം പൂർത്തീകരിക്കുന്നതിനും കെട്ടിടം ഉപയോഗപ്പെടുത്തുന്നതിനും ഫലപ്രദമായ നടപടികളില്ല.

നഗരസഭയിലെ 18-ാം വാർഡിൽ പാമ്പേറ്റുകുളത്തിനോട് ചേർന്ന് നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ബഹുവർഷ പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 ൽ സാംസ്കാരികനിലയത്തിന് കെട്ടിടനിർമ്മാണം ആരംഭിച്ചു. മൂന്ന് വ്യത്യസ്ത പ്രോജക്ടുകളിലായി ആകെ 10219484 രൂപ കെട്ടിട നിർമ്മാണത്തിനായി 2021-22 വരെ ചെലവഴിച്ചു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം, പ്രോജക്റ്റ് നമ്പർ | ചെലവഴിച്ച തുക |
|---|---|---|
| 1 | 128/ 2018-19 | 3842551 |
| 2 | 167/ 2019-20 | 1493132 |
| 3 | 226/ 2020-21 | 3623209 |
| 4 | 165/2021-22 | 1260592 |
| | ആകെ | 10219484 |

കെട്ടിടനിർമ്മാണത്തിന്റെ രണ്ടാം ഘട്ടം ആയി 50 ലക്ഷം രൂപ അടങ്കൽ വകയിരുത്തി (ധനകാര്യ കമ്മീഷൻ ഗ്രാന്റ് 49 ലക്ഷം, വികസന ഫണ്ട് 1 ലക്ഷം, S167/20) ഏറ്റെടുത്ത പദ്ധതി ഇതിൽ ഉൾപ്പെടുന്നു. 25.2.2022 ൽ ആണ് രണ്ടാം ഘട്ട പദ്ധതി പൂർത്തീകരിച്ചത്. നാല് വർഷം എടുത്താണ് ഗ്രൗണ്ട് ഫ്ലോറിന്റെയും, ഒന്നാം നിലയുടെയും നിർമ്മാണം ഭാഗീകമായി പൂർത്തിയാക്കിയിട്ടുള്ളത്. 5770 ച. അടി നിർമ്മാണമാണ് ഇതുവരെ പൂർത്തിയാക്കിയത്.

നിർമ്മാണം പൂർത്തിയാക്കുന്നതിന് നഗരസഭ 2022-23 ൽ തുടർ പദ്ധതി ആവിഷ്കരിച്ചില്ല. ഒന്നാം നിലയുടെ മുൻഭാഗം കെട്ടി അടച്ചിട്ടില്ല. വയറിംഗ്, പ്ലംബിംഗ്, ടോയ്‌ലറ്റ് നിർമ്മാണം എന്നിങ്ങനെ കെട്ടിടം ഉപയോഗയോഗ്യമാക്കുന്നതിനാവശ്യമായ അനുബന്ധ പ്രവൃത്തികൾ ഏറ്റെടുത്തിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തത ഉള്ളതിനാൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് കഴിയാത്ത സാഹചര്യമുണ്ട്. ഫണ്ട് ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്നും, കേന്ദ്രസർക്കാരിന്റെ പദ്ധതിയിൽപ്പെടുത്തി വെൽനെസ്സ് സെന്റർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതായും ആണ് ഈ വിഷയം സംബന്ധിച്ച് എക്സിറ്റ് കോൺഫറൻസിൽ സെക്രട്ടറിയും നഗരസഭാ

ചെയർമാനം അറിയിച്ചത്. കെട്ടിടത്തോട് ചേർന്നുള്ള പാമ്പേറ്റുകളും പൊതുജനങ്ങൾക്ക് ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടില്ല. വൻതുക ചെലവഴിച്ചെങ്കിലും കെട്ടിടനിർമ്മാണം പൂർത്തീകരിയ്ക്കാൻ കഴിഞ്ഞില്ല എന്നതും, കെട്ടിടത്തിന്റെ പൈലിംഗ് പ്രവർത്തികൾക്ക് ഭീമമായ തുക ചെലവഴിക്കേണ്ടി വന്നു എന്നതും ശ്രദ്ധേയമാണ്. കെട്ടിടവും പാമ്പേറ്റുകളും പൊതുജനങ്ങൾക്ക് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് ഭരണതല നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 ക്ഷേമപെൻഷൻ - മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്തില്ല

നഗരസഭയിലെ മരണ രജിസ്റ്ററിലെ വിവരങ്ങളും സാമൂഹ്യക്ഷേമ പെൻഷൻ ഡേറ്റാ ബേസിലെ വിവരങ്ങളും താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ, നഗരസഭയിൽ മരണം രജിസ്റ്റർ ചെയ്ത ചുവടെ ചേർക്കുന്ന 19 ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ടുകൾ നാളിതുവരെ സസ്പെൻഡ് ചെയ്തിട്ടില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടു. ഇതുമൂലം ടി ക്ഷേമപെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷവും 13 ഗുണഭോക്താക്കളുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക ക്രഡിറ്റ് ചെയ്തിട്ടുണ്ട്. 4 ഗുണഭോക്താക്കളുടെ പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചില്ലായെന്നും സഹകരണ ബാങ്ക് മുഖേന പെൻഷൻ കൈപ്പറ്റിയിരുന്ന ഒരു ഗുണഭോക്താവിന്റെ പെൻഷൻ തുക കൈപ്പറ്റിയിട്ടുണ്ടെന്നും 1 ഗുണഭോക്താവിന്റെ പെൻഷൻ തുക കൈമാറുവാൻ സാധിച്ചിട്ടില്ലായെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | മരണ രജിസ്റ്ററിലെ വിവരങ്ങൾ | | ഇതേ പേരും വിലാസവും ഉള്ളവരുടെ പെൻഷൻ വിവരങ്ങൾ | | |
|---|---|---|---|---|---|
| | പേര്, വിലാസം | മരണ തീയതി | പെൻഷൻ ID | ആധാർ നമ്പർ | ഡി.ബി.റ്റി. സ്റ്റാറ്റസ് |
| 1 | ഓമനയമ്മ സി.കെ. മുകളുവിള പുത്തൻവീട്, പറക്കോട് | 14.06.22 | 1017****** | 2834***** | 07/22-11/22 തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചില്ല. |
| 2 | ഏലിക്കുട്ടി കളീക്കൽ പുത്തൻവീട്, പറക്കോട് | 29.06.22 | 1017***** | 7301***** | 07/22-11/22 തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 3 | തങ്കപ്പൻ ഓതറപ്പറമ്പിൽ, പറക്കോട് | 22.06.22 | 1017***** | 9261***** | 07/22-11/22 തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചില്ല. |
| 4 | ഗോപാലക്കുറുപ്പ് പട്ടത്തയ്യത്ത്, പറക്കോട് | 05.06.22 425/22 | 1017***** | 5192***** | 07/22-11/22 തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 5 | നാരായണക്കുറുപ്പ് ഇ.കെ. ചരുവിളയിൽ, ആനന്ദപ്പള്ളി | 19.08.22 431/22 | 1017***** | 4082***** | 09/22-11/22 തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 6 | ഓമനയമ്മ തൊണ്ടങ്ങാട്ട് പുത്തൻവീട്, കണ്ണംകോട് | 18.08.22 459/22 | 1017***** | 5884***** | 09/22-11/22 തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 7 | തങ്കമ്മ പാപ്പി വട്ടവിള വടക്കതിൽ, ആനന്ദപ്പള്ളി | 15.08.22 462/22 | 1017***** | 4282***** | 09/22-11/22 തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 8 | സൂസൻ ജോയി കൃപ നിവാസ്, കരുവാറ്റ | 02.09.22 476/22 | 1017***** | 2564***** | 09/22-11/22 തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചില്ല. |
| 9 | ഗോപാലൻ അമ്പിളി ഭവനം, പറക്കോട് | 04.09.22 479/22 | 1017***** | 9259***** | 09/22-11/22 തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചില്ല. |
| 10 | ജോയി | 09.09.22 | 1017***** | 9812***** | 10/22-11/22 |

| | | | | | |
|---|---|---|---|---|---|
| | അംബേദ്കർ നഗർ നം. 7, പന്നിവിഴ | 485/22 | | | തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 11 | തോമസ് ബേബി<br>ഇടത്തിനാൽ വീട്, പറക്കോട് | 17.09.22<br>495/22 | 1017***** | 4027***** | 10/22-11/22<br>തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 12 | ലക്ഷ്മിക്കുട്ടിയമ്മ<br>ലക്ഷ്മി വിലാസം, അയ്യപ്പൻപാറ | 10.09.22<br>519/22 | 1017***** | 5339***** | 10/22-11/22<br>തുക കൈപ്പറ്റി. |
| 13 | സലീക്കത്ത്<br>സലാമത്ത് മൻസിൽ, കണ്ണംകോട് | 22.09.22<br>530/22 | 1017***** | 2310***** | 10/22-11/22<br>തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 14 | നൂർജഹാൻ ബീവി<br>റഹ്മത്ത് മൻസിൽ, കണ്ണംകോട് | 29.10.22<br>572/22 | 1017***** | 8637***** | 10/22-11/22<br>തുക കൈമാറാൻസാധിച്ചില്ല. |
| 15 | സാലി<br>ചരിഞ്ഞവിളയിൽ, അടൂർ | 30.06.22<br>582/22 | 1017***** | 2393***** | 07/22-11/22<br>തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 16 | ഭാസ്കരൻ<br>പുതുശ്ശേരിയിൽ, പന്നിവിഴ | 17.09.20<br>2810/20 | 1017***** | 5786***** | 10/22-11/22<br>തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 17 | രാജമ്മ കെ.<br>ദീപം, കണ്ണംകോട് | 19.02.22<br>983/22 | 1017***** | 7632***** | 03/22-11/22<br>തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 18 | രാധമ്മ എൻ.<br>രാധാഭവനം, കരുവാറ്റ | 11.06.22<br>2783/22 | 1017***** | 3451***** | 07/22-11/22<br>തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 19 | തങ്കമ്മ<br>കൺകോട്ടുകുഴി കോളനി, കരുവാറ്റ | 20.09.22<br>4792/22 | 1017***** | 5642***** | 10/22-11/22<br>തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 35/16.02.23) ലഭ്യമാക്കിയ മറുപടി പ്രകാരം, ടി ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കി. മരണശേഷം ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളതും അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുള്ളതുമായ മുഴുവൻ തുകയും തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് ഒടുക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 ബയോബിൻ നൽകൽ- പദ്ധതി യാഥാർത്ഥ്യമായില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | ബയോബിൻ നൽകൽ (235/21-22) |
| വകയിരുത്തിയ തുക | 2563216- ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>2151380- കേന്ദ്രാവിഷ്കൃത ഫണ്ട് - ശുചിത്വ മിഷൻ<br>1432204- സംസ്ഥാനാവിഷ്കൃത ഫണ്ട്- ശുചിത്വ മിഷൻ<br>ആകെ- 6146800 |
| ചെലവഴിച്ച തുക | 1229360- ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവിന്റെ വിവരം | PFMS Transfer On 17-03-2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

നഗരസഭയിലെ 2794 ഗുണഭോക്താക്കൾക്ക് ബയോബിൻ നൽകുന്നതിന് വേണ്ടിയാണ് പ്രോജക്ട് ആവിഷ്കരിച്ചത്. യൂണിറ്റ് നിരക്ക് 2200 രൂപയായിരുന്നു. 16-02-2022- ൽ പ്രസ്തുത പ്രോജക്ടിന് ജില്ലാ ശുചിത്വമിഷന്റെ അംഗീകാരം ലഭിച്ചിരുന്നു. അക്രഡിറ്റഡ് ഏജൻസിയായ IRTC, പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് , മുണ്ടൂർ, പാലക്കാട് എന്ന സ്ഥാപനമായിരുന്നു

നിർവ്വഹണ ഏജൻസി. 25-02-2022- ൽ കരാർ സ്ഥാപനവുമായി എഗ്രിമെന്റ് വച്ചിരുന്നു. എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ ആകെ പ്രോജക്ട് തുകയുടെ 20 % തുകയായ 1229360 രൂപ 17-03-2022- ൽ നിർവ്വഹണ സ്ഥാപനത്തിന് നൽകി. ഒരു വർഷമായിരുന്നു പ്രോജക്ട് കാലാവധി. എന്നാൽ ഓഡിറ്റ് കാലയളവിലും ബയോബിൻ നഗരസഭക്ക് നൽകുകയോ ചെലവഴിച്ചശേഷം ബാക്കി തുക കൈമാറുകയോ ചെയ്തിട്ടില്ല.

എഗ്രിമെന്റ് കാലാവധി അവസാനിക്കാറായിട്ടും ബയോബിൻ ലഭ്യമാക്കാത്ത സ്ഥിതിവിശേഷം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. എഗ്രിമെന്റ് പ്രകാരമുള്ള ബയോബിന്നുകൾ പൂർണ്ണമായി നഗരസഭക്ക് ലഭ്യമാക്കിയശേഷം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗസാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | നിക്ഷേപിച്ച തുക | ചെക്ക്/ബിൽ നമ്പർ , തീയതി | ഏജൻസി |
|---|---|---|---|---|
| 1. | 122, കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1900000 | ഓൺലൈൻ പേയ്മെന്റ് | കേരള വാട്ടർ അതോറിറ്റി |
| 2. | 290, അംബിയിൽ ഏലായിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 200000 | 332/ 27/03/2022 | കേരള വാട്ടർ അതോറിറ്റി |
| 3. | 288, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ4, 7, 23, 25, 27 | 499629 | 17.02.2022 | കേരള ഇലക്ട്രിസിറ്റി ബോർഡ് |
| | ആകെ | 2599629 | | |

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുമായി കരാർ വയ്ക്കാതെയാണ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനായി തുക നിക്ഷേപിച്ചത്. പ്രവൃത്തിയുടെ നിർവ്വഹണത്തിൽ അപാകതകളുണ്ടാകുന്ന പക്ഷം, കരാറിന്റെ അഭാവത്തിൽ നിയമപരമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് കഴിയാത്ത സ്ഥിതിയാണുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 09-03-2022 ലെ ഡിഎ1/64/2022-തസ്വഭവ നമ്പർ സർക്കുലർ പ്രകാരം, തുക ഡെപ്പോസിറ്റ് ചെയ്യുന്ന അവസരത്തിൽത്തന്നെ ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സ്ഥാപനവുമായി കരാറിലേർപ്പെടുന്നതിനും എല്ലാ പ്രവൃത്തികളുടേയും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുവരെ ചെലവ്തുക 2599629 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ, ലക്ഷ്യമിട്ട ഭൗതിക നേട്ടം സംബന്ധിച്ച ആധികാരികമായ മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ഈ വിഷയത്തിൽ വികസനകാര്യ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-31 സ്വയം തൊഴിൽ പദ്ധതിയുടെ സബ്സിഡിത്തുക ഗുണഭോക്താക്കൾക്ക് നഷ്ടമായി

2020-21 സാമ്പത്തിക വർഷം ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ സ്വയം തൊഴിൽ(വ്യക്തിഗതം)-വനിത (9/21) എന്ന പദ്ധതിയ്ക്കായി പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും 200000 രൂപ ചെലവഴിച്ചിരുന്നു. വായ്പാബന്ധിതമായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയുടെ നാല് ഗുണഭോക്താക്കൾക്ക് ബാക്ക്-എൻഡ്-സബ്സിഡി നൽകുന്നതിന് 200000 രൂപ ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ അടൂർ ബ്രാഞ്ചിലെ 10280113301010 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻഫർ ക്രെഡിറ്റ് ചെയ്തു നൽകുകയും ചെയ്തിരുന്നു. എന്നാൽ ബാങ്ക് വായ്പ തിരിച്ചടച്ച് കഴിഞ്ഞിട്ടും സബ്സിഡിത്തുക ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല. 2 ലക്ഷം രൂപ ബാങ്കിൽ ലഭിച്ചിരുന്നെന്നും, എന്നാൽ പ്രസ്തുത തുക ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാകാത്തതിനാലും നഗരസഭയിൽ നിന്ന് അറിയിപ്പുകളൊന്നും ലഭിക്കാത്തതിനാലും സർക്കാരിലേക്ക് തുക തിരികെ ഒടുക്കിയെന്നുമുള്ള മറുപടിയാണ് ബാങ്കിൽ നിന്ന് ലഭ്യമായതെന്ന് ഗുണഭോക്താക്കൾ ഓഡിറ്റ് ടീം മുമ്പാകെ നേരിൽ ഹാജരായി അറിയിച്ചു. സ്വയംതൊഴിൽ പദ്ധതിയുടെ സബ്സിഡിയിനത്തിൽ അനുവദിച്ച തുക ഗുണഭോക്താക്കൾക്ക് ലഭിക്കാതിരുന്ന സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (16/10.02.2023) നൽകിയെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. 31.03.2021-ലാണ് 2 ലക്ഷം രൂപ ഇന്ത്യൻ ഓവർസീസ് ബാങ്കിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകിയത്. എന്നാൽ അതിന് ശേഷം തുക ഏതിനത്തിലുള്ളതാണെന്നും, ഗുണഭോക്താവിന്റെ വിവരങ്ങൾ, ലോൺ അക്കൗണ്ട് നമ്പർ, UTR നമ്പർ എന്നിവയും ബാങ്കിനെ യഥാസമയം അറിയിയ്ക്കാതിരുന്നതുകൊണ്ടാണ് ഇത്തരത്തിൽ സംഭവിക്കാനിടയായതെന്ന് ഓഡിറ്റ്

വിലയിരുത്തുന്നു. സബ്സിഡി തുക ട്രാൻഫർ ക്രെഡിറ്റ് ചെയ്യുന്നതോടെ പദ്ധതി നിർവ്വഹണത്തിന്മേലുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തം അവസാനിക്കുന്നില്ല. അത് അർഹതപ്പെട്ടവർക്ക് ലഭിച്ചുവെന്ന് ഉറപ്പുവരുത്തുന്നതും നിർവ്വഹിച്ച പദ്ധതികളുടെ തുടർ നിരീക്ഷണവും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയിൽപ്പെടുന്നതാണ്. അർഹമായ സബ്സിഡിത്തുക ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് നഗരസഭ നടപടി സ്വീകരിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിലും തുടർനടപടികളിലും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് വീഴ്ച്ചയുണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് വകുപ്പ് തലത്തിൽ അന്വേഷണത്തിനായി ശുപാർശ ചെയ്യുന്നു.

## 1-32 സേവിംഗ്സ് തുക പ്രയോജനപ്പെടുത്തിയില്ല. നഷ്ടമായത് 29.45 ലക്ഷം രൂപ

2016-17, 2017-18 വർഷങ്ങളിലെ വിവിധ പൈപ്പ് ലൈൻ നീട്ടൽ പ്രോജക്ടുകൾക്കായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക പ്രവൃത്തികൾക്ക് വിനിയോഗിച്ചശേഷം ബാക്കിയായ 2945519 രൂപ 2021-22 ൽ തിരികെ ലഭിച്ചിരുന്നു. തുക 26.05.2022 ൽ സഞ്ചിത നിധിയിലേക്ക് തിരികെ അടച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 25.09.2019 ലെ സ.ഉ (സാധാ) നം.2077/2019/ത സ്വ ഭ വ നമ്പർ ഉത്തരവ് പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സേവിംഗ്സ് ഉപയോഗിച്ച് അതേ മേഖലയിൽത്തന്നെ അതേ ഏജൻസിയെക്കൊണ്ട് മറ്റു പ്രോജക്ടുകൾ നടപ്പിലാക്കാൻ അനുമതി നൽകിയിരുന്നു. എന്നാൽ ഈ ആനുകൂല്യം പ്രയോജനപ്പെടുത്താതെ ലഭ്യമായ തുക പൂർണ്ണമായും കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കുകയാണ് ഉണ്ടായത്. പൈപ്പ് ലൈൻ നീട്ടലിനായി നിക്ഷേപിച്ച തുകയാണ് തിരികെ ലഭിച്ചത്. 2021-22 ൽ തന്നെ ജനറൽ , എസ്സ് സി പി പ്രോജക്ടുകളിലായി പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തികൾക്ക് 2100000 രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. നിക്ഷേപ പ്രവൃത്തികൾ മുഖേന ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഇനങ്ങളുടെ കൃത്യമായ മതിപ്പ് (എസ്റ്റിമേറ്റ്) കണക്കാക്കാതെ ആവശ്യത്തിലധികമായ തുക നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച് പദ്ധതി ചെലവായി റിപ്പോർട്ട് ചെയ്യു തുക തുടർന്ന് തിരികെ ഒടുക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. കൂടാതെ വരും വർഷങ്ങളിൽ ഇത്തരത്തിൽ തിരികെ ലഭിച്ചേക്കാവുന്ന സേവിംഗ്സ് തുക ഇതേ തരത്തിലുള്ള പ്രോജക്ടുകൾക്കായി പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിയ്ക്കുന്നു.

## 1-33 ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ അർഹത ഉറപ്പുവരുത്താതെ സാമ്പത്തികസഹായം നൽകി

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | പ്രൊഫഷണൽ അല്ലെങ്കിൽ ഡിഗ്രി കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം (39/21-22) |
| വകയിരുത്തിയ തുക, ഫണ്ടിനം | 550000 (വികസന ഫണ്ട്- എസ്.സി.പി) |
| ചെലവഴിച്ച തുക | 545000 |
| ബിൽ നമ്പരും തീയതിയും | 5/07-01-2022- 300000/-<br>10/17-02-2022- 225000/-<br>15/11-03-2022- 20000/- |
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | ഹെൽത്ത് ഓഫീസർ |

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാവുന്നതാണ്. എന്നാൽ സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലല്ലാതെ ചുവടെ പറയുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പഠിച്ചതായി സൂചിപ്പിച്ച കോഴ്സ്, സ്ഥാപനം | നൽകിയ തുക |
|---|---|---|---|
| 1 | അഭിജിത്.എം.വിജയൻ<br>ചരുവിളയിൽ<br>അടൂർ | ബി.എ മൾട്ടിമീഡിയ കോഴ്സ്<br>ജവഹർലാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർട്സ് & സയൻസ് കോളേജ്, ബംഗ്ളൂരു | 20000 |
| 2 | ആദിത്യ രാജൻ<br>കാഞ്ഞിരവിളയിൽ വീട്<br>ചിരണിക്കൽ,അടൂർ | സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ<br>ജയ് ഭാരത് കോളജ് ഓഫ് മാനേജ്മെന്റ് & എഞ്ചിനീയറിംഗ് ടെക്നോളജി | 20000 |

| | | | |
|---|---|---|---|
| | | എറണാകുളം | |
| 3 | ആർച്ച ആർ കൃഷ്ണൻ<br>കരിക്കിടമുകളിൽ<br>ആനന്ദപ്പള്ളി.പി.ഒ | ബി.എസ്.സി നേഴ്സിംഗ്<br>വിജയ കോളേജ് ഓഫ് നേഴ്സിംഗ്<br>നെല്ലൂർ | 20000 |
| 4 | അഞ്ജലി സുരേന്ദ്രൻ<br>കല്ലുംപുറത്ത് വടക്കേതിൽ<br>ആനന്ദപ്പള്ളി | എം.എസ്.സി ബയോടെക്നോളജി<br>മാർ അഗസ്തിനോസ് കോളജ്<br>രാമപുരം | 30000 |
| 5 | അജയ്.ജെ<br>കൃഷ്ണവിലാസം<br>അടൂർ | ബി.വി.എസ്.സി കോഴ്സ്<br>കോളജ് ഓഫ് വെറ്റിനറി സയൻസ്<br>വയനാട് | 30000 |

കൂടാതെ ജി-ടെക് കമ്പ്യൂട്ടർ സയൻസ്, അടൂർ എന്ന സ്ഥാപനത്തിൽ ഡിപ്ലോമ ഇൻ ഫോറിൻ അക്കൗണ്ടിംഗ് എന്ന കോഴ്സിന് പഠിച്ച വിദ്യാർത്ഥിക്ക് 15000 രൂപ സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കോഴ്സ് സർക്കാർ അംഗീകൃതമാണോ എന്നത് സംബന്ധിച്ച് യാതൊരുവിധ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. മുകളിൽ സൂചിപ്പിച്ച അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നം-14/10-02-2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ആയതിനാൽ ആറ് വിദ്യാർത്ഥികൾക്കായി ചെലവഴിച്ച 135000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിദ്യാർത്ഥികളുടെ അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 മുൻവർഷങ്ങളിൽ കരാറിൽ ഏർപ്പെട്ട പൊതുമരാമത്ത് പ്രവൃത്തികൾ നാളിതു വരെ ആരംഭിച്ചില്ല

മുൻവർഷങ്ങളിൽ ടെണ്ടർ മുഖേന കരാർ ഏൽപിച്ച പൊതുമരാമത്ത് പ്രവൃത്തികൾ നാളിതുവരെയും ആരംഭിച്ചില്ല. കരാറുകൾ റദ്ദ് ചെയ്ത് വീണ്ടും ടെണ്ടർ ചെയ്യുന്നതിനും നടപടികളില്ല.

കരാർ ചമച്ച് നിശ്ചിത സമയം കഴിഞ്ഞും കരാറുകാരൻ സൈറ്റ് ഏറ്റെടുത്ത് പ്രവൃത്തി ആരംഭിക്കാതിരുന്നാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ കരാർ അവസാനിപ്പിക്കാവുന്നതും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മറ്റ് നടപടികൾ സ്വീകരിക്കാവുന്നതുമാണ് എന്ന് കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2116.1 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മുൻവർഷങ്ങളിൽ ടെണ്ടർ മുഖേന കരാർ ഏൽപിച്ചതും ചുവടെ പറയുന്നതുമായ പൊതുമരാമത്ത് പ്രവൃത്തികൾ കരാറുകാർ നാളിതുവരെയും ആരംഭിക്കുകയോ കരാറുകൾ റദ്ദ് ചെയ്യുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പ്രോജക്ട് നമ്പർ, അടങ്കൽ | പദ്ധതി ഏറ്റെടുത്ത വർഷം,<br>കരാറുകാരന്റെ പേര്, എഗ്രിമെന്റ് നമ്പർ, തീയതി |
|---|---|---|---|
| 1 | പുത്തൻപുര പടി പുതു വീട്ടിൽ പടി ബൈപാസ് റോഡ് ഐറിഷ് ഡ്രെയിൻ മെയിന്റനൻസ് | 199 / 2021 - 22<br>190000<br>CFC ഗ്രാന്റ് | 2018-19<br>K J ബിജു<br>119/ 18-19<br>( 12-2-19) |
| 2 | പന്നിവിഴ പുത്തൻചന്ത മേച്ചിറപ്പടി റോഡ് ഐറിഷ് ഡ്രെയ്ൻ (Ward 3) | 229/21 – 22<br>143000 | 2020-21<br>K J ബിജു<br>(32.25 % കുറവ്)<br>4/20-21<br>(24-9-21 ) |
| 3 | ചായരുവിള റോഡ് നവീകരണം ( Ward 19 ) | 173 / 2021 – 22<br>159800 | 2019-20<br>അജീഷ് എസ്<br>35/19-20 |

| | | | |
|---|---|---|---|
| | | | (25-11-19) |
| 4 | കക്കോട്ട് കുഴി കോളനി പാർശ്വഭിത്തി നിർമ്മാണം, ഐറിഷ് ഡ്രെയ്ൻ (Ward 28) | 207 /21 – 22 187709 | 2020-21 കൃഷ്ണകുമാര് (18.23 % കുറവ്) 101 / 20-21 (29-9-20) |
| 5 | വാർഡിലെ അംഗൻവാടി ചുറ്റമതിൽ നിർമ്മാണം | 174/19-20 150000 | 2019-20 കൃഷ്ണകുമാർ കെ.ആർ 59/19-20 (2.12.19) |

സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയശേഷം മേൽസൂചിപ്പിച്ച കരാറുകാർ കരാർ പത്രം ഹാജരാക്കിയിട്ടുണ്ട്. ക്രമ നമ്പർ 5 പ്രകാരമുള്ള പ്രവ്യത്തിയുമായി ബന്ധപ്പെട്ട് അതിർത്തി തർക്കം പരിഹരിച്ചതായി വാർഡ് കൗൺസിലറുടെ കത്ത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽഇതിന്മേൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. സൈറ്റ് ഏറ്റെടുത്ത് പ്രവ്യത്തി ആരംഭിക്കാതിരുന്ന കരാറുകാർക്കെതിരെ കേരള പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. കരാർ ലംഘനം നടത്തിയവർക്കെതിരെ നടപടികൾ സ്വീകരികാതെ പ്രവ്യത്തികൾ സ്പിൽ ഓവർ ആക്കി വരുന്നത് ക്രമവിരുദ്ധമായ നടപടിയാണ്. വീഴ്ച വരുത്തിയ കരാറുകാരുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവ്യത്തികൾ റീടെണ്ടർ ചെയ്യുന്നതിൽ എഞ്ചിനീയറിംഗ് വിഭാഗം വീഴ്ച വരുത്തിയിട്ടുണ്ട്. പ്രസ്തുത കരാറുകൾ അടിയന്തിരമായി റദ്ദ് ചെയ്യേണ്ടതും, ടി കരാറുകാരുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവ്യത്തികൾ റീടെണ്ടർ ചെയ്ത് നടപ്പാക്കേണ്ടതുമാണ്.

## 1-35 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ- പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ

നഗരസഭയിലെ ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകുന്നതിന് വികസന ഫണ്ടിനത്തിൽ 400000 രൂപ വകയിരുത്തി പ്രോജക്ട് ( നം-195/22) നടപ്പിലാക്കിയിരുന്നു. സി.പി.ആർ.സി.എസ് മുഖേന കെൽട്രോണിൽ നിന്നുമാണ് വാങ്ങൽ നടത്തിയത്. പ്രൊഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ എട്ടു ലാപ് ടോപ്പുകളുടെ വിലയായി 217832 രൂപ ബിൽ നമ്പർ 1/08-10-2021 പ്രകാരം കെൽട്രോണിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ കെൽട്രോണിൽ നിന്നുമുള്ള അന്തിമ ബിൽ പ്രകാരം ലാപ് ടോപ്പുകളുടെ വിലയായി കാണിച്ചിട്ടുള്ളത് 209455 രൂപയാണ്. ഇതനുസരിച്ച് 8377 രൂപ അധികമായി നൽകിയിട്ടുണ്ട്.

എട്ടു വിദ്യാർത്ഥികളുടെ അപേക്ഷയും അനുബന്ധരേഖകളും പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ലാപ് ടോപ്പുകൾ വിദ്യാർത്ഥികൾ കൈപ്പറ്റിയതായുള്ള യാതൊരുവിധ രേഖകളും അതോടൊപ്പം സൂക്ഷിച്ചിട്ടില്ല.

പതിമൂന്നാം പദ്ധതിയ്ക്കായുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/ എയ്ഡഡ്/ സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിച്ച വിദ്യാർത്ഥികൾക്കാണ് ലാപ് ടോപ്പ് നൽകാൻ കഴിയുക. എന്നാൽ പ്രസ്തുത ഗണത്തിൽപ്പെടാത്ത രണ്ട് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകിയതായി കാണാൻ കഴിഞ്ഞു.

| ക്രമ നം | വിദ്യാർഥിയുടെ പേരും വിലാസവും | പഠിച്ച സ്ഥാപനത്തിന്റെ വിവരം | കോഴ്സിന്റെ വിവരം |
|---|---|---|---|
| 1 | പ്രവീണ പ്രകാശ് കുരിക്കാട്ട് വീട് പന്നിവിഴ | ജി-ടെക് കമ്പ്യൂട്ടർ സെന്റർ- അടൂർ | 8 Months Duration Computer Course |
| 2 | രാഗേഷ് മാടംപ്ലാവിൽ വീട് പറക്കോട് | ഗവ.ഐ.ടി.ഐ ചെന്നീർക്കര | A Computer Training Course |

ലാപ് ടോപ്പുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടുവെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയില്ല. ലാപ് ടോപ്പുകളുടെ വിലയിനത്തിൽ 8377 രൂപ അധികമായി കെൽട്രോണിന് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം അർഹരല്ലാത്ത രണ്ട് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകിയിട്ടുണ്ട്.

പ്രസ്തുത അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നം-7/09-01-2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ലാപ് ടോപ്പുകൾ വാങ്ങുന്നതിനായി ചെലവഴിച്ച 217832 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റിൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കാത്തപക്ഷം ചെലവ് തുക പൂർണ്ണമായി നിരാകരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-36 താലൂക്ക് ആശുപത്രിയുടെ വൈദ്യുത ചാർജ് - ലേറ്റ് ഫീസ് അടവാക്കുന്നു

താലൂക്ക് ആശുപത്രിയുടെ വൈദ്യുത ബിൽ യഥാസമയം അടയ്ക്കാതിരിക്കുന്നത് കാരണം ലേറ്റ് ഫീ കൂടി നൽകേണ്ടി വരുന്നത് നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടാക്കുന്നു.

4/2021 മുതൽ 10/2021 വരെയുള്ള കാലയളവിലെ ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ലഭ്യമാക്കിയ ബില്ലുകൾ പ്രകാരം ലേറ്റ് ഫീസ് അടച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| മാസം | ബിൽ തുക (ലേറ്റ് ഫീസ് ഉൾപ്പെടെ) | അടവാക്കിയ ലേറ്റ് ഫീസ് | തുക അടവാക്കേണ്ടിയിരുന്ന തീയതി | താലൂക്ക് ആശുപത്രിയിൽ നിന്നും ബിൽ ലഭിച്ച തീയതി | തുക അടവാക്കിയ തീയതി |
|---|---|---|---|---|---|
| 10/2021 | 341760 | 2497 | 09.11.2021 | 06.112021 | 19.112021 |
| 11/2021 | 318392 | 3611 | 09.12.2021 | 08.12.2021 | 24.12.2021 |
| 12/2021 | 337183 | 1553 | 10.01.2022 | 06.01.2022 | 21.01.2022 |
| 01/2022 | 346082 | 1545 | 09.02.2022 | 08.02.2022 | 17.02.2022 |
| 02/2022 | 345487 | 1133 | 10.03.2022 | 07.03.2022 | 15.03.2022 |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.24-14/02/2023) ൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ബില്ലുകൾ യഥാസമയം അടയ്ക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കിയില്ല. ബിൽ തുക യഥാസമയം അടയ്ക്കാതിരിക്കുന്നത് മൂലമുണ്ടാകുന്ന പിഴപ്പലിശ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായിത്തീരുന്നതാണ്. ബിൽ തുക യഥാസമയം അടവാക്കേണ്ടതും ലേറ്റ് ഫീസ് അടയ്ക്കുന്നത് ഒഴിവാക്കേണ്ടതുമാണ്. ഭാവിയിൽ അപാകതകൾ ആവർത്തിക്കുന്നപക്ഷം അടവാക്കുന്ന ഫൈൻ തുക സെക്രട്ടറിയുടെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-37 പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ് നൽകിയത് - നടപടിക്രമങ്ങൾ പാലിച്ചില്ല

പൊതുമരാമത്ത് പ്രവൃത്തികളുടെ കരാറുകാർ ടെണ്ടർ എക്സസ് ക്വോട്ട് ചെയ്യുന്ന സാഹചര്യത്തിൽ പി.ഡബ്ല്യു.ഡി കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ ലോക്കൽ മാർക്കറ്റ് റേറ്റിനെ (LMR) അടിസ്ഥാനമാക്കി ജസ്റ്റിഫിക്കേഷൻ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ് എന്ന് കേരളാ പൊതുമരാമത്ത് മാനവൽ സെക്ഷൻ 1703 നിഷ്കർഷിക്കുന്നു. DSR 2016 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവൃത്തികൾക്ക് 10 % ടെണ്ടർ എക്സസ് പ്രാദേശിക വിപണി നിരക്കിന്റെ പരമാവധിയ്ക്ക് വിധേയമായും, 6.2.2017 ലെ സ.ഉ.(സാധാ). നമ്പർ 16/2017/ധന നമ്പർ ഉത്തരവിന് വിധേയമായും അനുവദിക്കുന്നതിന് 16.9.2021 സ.ഉ(സാധാ) 1778/2021/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം ടെണ്ടർ അധിക നിരക്ക് നൽകുന്നത് ജില്ലാപ്പഞ്ചായത്തിലെ ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായിരിക്കും എന്നും ടി ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം നടപ്പാക്കിയ ഏതാനും പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ് അനുവദിച്ചപ്പോൾ ടി നടപടിക്രമങ്ങൾ പൂർണ്ണമായും പാലിയ്ക്കപ്പെട്ടില്ല. ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരം വാങ്ങാതെയാണ് ഇത്തരം പ്രവൃത്തികളുടെയെല്ലാം ടെണ്ടർ അംഗീകരിച്ച് കരാർ ഏൽപിച്ചത്. എന്നാൽ അനുവദിച്ച ടെണ്ടർ എക്സസ് നിരക്ക് വിപണി നിരക്കിനേക്കാൾ അധികരിച്ചിട്ടില്ല എന്ന് ഓഡിറ്റിന്റെ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | ക്വോട്ട് ചെയ്ത നിരക്ക് |
|---|---|---|---|
| 1 | നെല്ലിമൂട്ടിൽപ്പടി അയ്യപ്പൻപാറ കോട്ടമുകൾ മിനിജംഗ്ഷൻ റോഡ് റീടാറിംഗ്, ഐറിഷ് ഡ്രെയിൻ S32/22 | ഉണ്ണിക്കൃഷ്ണൻ | 10 % കൂടുതൽ |
| 2 | ഐക്കരക്കുറ്റി ചന്ദ്രവിലാസം റോഡ് നവീകരണം (വാർഡ് 4) S79/22 | ഉണ്ണിക്കൃഷ്ണൻ | ടി |
| 3 | വാരിയത്ത് ഏലാ റോഡ് പുനരുദ്ധാരണം S89/22 | ടി | 15 % കൂടുതൽ |
| 4 | വിജയവിലാസം പടി നന്ദനം റോഡ് നവീകരണം S93/22 | ബിജു എം | 9.8 % കൂടുതൽ |

| | | | |
|---|---|---|---|
| 5 | വീനസിൽപ്പടി കളീക്കൽ അയ്യത്ത്പടി റോഡ് റീടാറിംഗ്, ഐറിഷ് ഡ്രെയിൻ S85/22 | ടി | 10 % കൂടുതൽ |
| 6 | ചരുവിള കോളനി സംരക്ഷണഭിത്തി നിർമ്മാണം S257/22 | നിഥിൻ പ്രകാശ് | 9.999 % കൂടുതൽ |
| 7 | കാവിള കോളനി റോഡ് നവീകരണം, സംരക്ഷണഭിത്തി S247/22 | ബിജു എം | 10 % കൂടുതൽ |
| 8 | കൈതക്കര കോളനി നവീകരണം S265/22 | അജീഷ് പി | ടി |
| 9 | മാടൻകാവിൽപ്പടി സബ്സ്റ്റേഷൻ റോഡ് നവീകരണം S275/22 | ഉണ്ണികൃഷ്ണൻ | ടി |
| 10 | പഴയ പ്രൈവറ്റ് സ്റ്റാന്റ് IHRD റോഡ് നവീകരണം S278/22 | കൃഷ്ണകുമാർ | ടി |
| 11 | ശക്തി തീയറ്റർ അറുകാലിയ്ക്കൽ റോഡ് നവീകരണം S274/22 | ബിജു എം | ടി |
| 12 | മണലിക്കൽ ശ്മശാനം റോഡ് കോൺക്രീറ്റിംഗ് S259/22 | പ്രകാശ് റ്റി | 9.999 % കൂടുതൽ |
| 13 | വല്ല്യത്ത്പടി കുഴിങ്കാല കോളനി റോഡ് നവീകരണം S270/22 | ഉണ്ണികൃഷ്ണൻ | 10 % കൂടുതൽ |
| 14 | ചേറ്റുകുഴി കലുങ്ക് സംരക്ഷണഭിത്തി നിർമ്മാണം S248/22 | കൃഷ്ണകുമാർ കെ.ആർ | ടി |
| 15 | ചക്കനാട്ട്പടി പാലൂർപടി റോഡ് നവീകരണം S273/22 | ടി | 10 % കൂടുതൽ |
| 16 | കുരിക്കട മുകൾപാലിശ്ശേരി റോഡ് S261/22 | ഷിബു റ്റി | 9.999 % കൂടുതൽ |
| 17 | കുമ്പിളുംവിള കോളനി സംരക്ഷണഭിത്തി നിർമ്മാണം S254/22 | ഉണ്ണികൃഷ്ണൻ | 10 % കൂടുതൽ |
| 18 | വാഴോട്ട് കോളനി റോഡ് കോൺക്രീറ്റ്, ഓട നിർമ്മാണം S271/22 | ടി | ടി |
| 19 | പൂങ്കുന്നിൽപ്പടി സംഗമം റോഡ് നവീകരണം S90/22 | ടി | ടി |
| 20 | കുരിക്കേത്ത് കോളനി സംരക്ഷണഭിത്തി നിർമ്മാണം S255/22 | ബിജി കെ തോമസ് | ടി |
| 21 | ചിറവയൽകോളനി സംരക്ഷണഭിത്തി നിർമ്മാണം S262/22 | റേ തോമസ് | ടി |
| 22 | കല്ലുവെട്ടാംമുകളിൽ ജംഗ്ഷൻ മുതൽ കൊശക്കുഴി ജംഗ്ഷൻ വരെയുള്ള റോഡിന്റെ സംരക്ഷണഭിത്തി നിർമ്മാണം S252/22 | കൃഷ്ണകുമാർ | ടി |
| 23 | മുരുപ്പേൽ കോളനി റോഡ് കോൺക്രീറ്റിംഗ് S251/22 | കുര്യൻ കോശി | 10 % കൂടുതൽ |
| 24 | ഡിക്സൺ പടി മർത്തശ്ശ്മുനിപ്പടി ഐറിഷ് ഡ്രെയിൻ S277/22 | കെ.ജെ.ബിജു | ടി |
| 25 | S260/22 നെടുങ്കോട് കോളനി സംരക്ഷണഭിത്തി നിർമ്മാണം | അനീഷ് എസ് | ടി |
| 26 | ഇ.വി നഗർ പട്ടമുകൾ റോഡ് റീടാറിംഗ് S242/22 | ഉണ്ണികൃഷ്ണൻ | ടി |
| 27 | ചെട്ടിയാംമുകൾ കോളനിയിൽ സംരക്ഷണഭിത്തി നിർമ്മാണം | ബിജു എം | ടി |
| 28 | കുഴിവിളപ്പടി ചരുവിളപ്പടി റോഡ് കോൺക്രീറ്റിംഗ് S286/22 | ഷിബു റ്റി | 9.999 % കൂടുതൽ |
| 29 | S268/22 തറയിൽപ്പടി ലക്ഷ്മി സദനം റോഡ് കലുങ്ക് പുനർനിർമ്മാണം, സൈഡ് കെട്ട് | അജീഷ് | 10 % കൂടുതൽ |

അപാകം സംബന്ധിച്ച് 10.1.2023 ൽ 13-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി, അനുവദിച്ച നിരക്കുകൾ വിപണിനിരക്കുകളേക്കാൾ അധികരിച്ചിട്ടില്ല എന്നും, ടി ടെണ്ടറുകൾ അംഗീകരിച്ച നടപടിയ്ക്ക് ജില്ലാതല ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ സാധൂകരണം വാങ്ങുന്നതാണെന്നും അറിയിച്ചു. അപാകം പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-38 പി.എം.എ.വൈ പദ്ധതി- ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

നഗരസഭയിൽ പ്രോജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പി.എം.എ.വൈ-ഭവനപദ്ധതി 2018-19 മുതൽ നടപ്പിലാക്കി വരുന്നു. വിവിധ ഡി.പി.ആറുകളെ (Detailed Project Report) അടിസ്ഥാനമാക്കിയാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി വരുന്നത്. അഞ്ചാം ഡി.പി.ആർ പ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് നിലവിൽ ആനുകൂല്യം നൽകി വരുന്നത്. ഇതോടൊപ്പം ഒന്നു മുതൽ നാല് വരെയുള്ള ഡി.പി.ആറിലെ ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണത്തിന്റെ വിവിധ സ്റ്റേജുകൾ പൂർത്തീകരിക്കുന്നതിനനുസൃതമായി തുക നൽകിവരുന്നു. വിവിധ ഡി.പി.ആറുകൾ, ഗുണഭോക്താക്കളെ സംബന്ധിക്കുന്ന ഫയലുകൾ, മറ്റ് രേഖകൾ എന്നിവ പരിശോധിച്ചതിൻ പ്രകാരം ചുവടെ പറയുന്ന ഗുണഭോക്താക്കൾ നിലവിലും ഭവനനിർമ്മാണം

പൂർത്തീകരിച്ചിട്ടില്ല എന്ന് കണ്ടു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | ഡി.പി.ആറിന്റെ വിവരം | നൽകിയ തുക, തീയതി |
|---|---|---|---|
| 1 | സരസമ്മ<br>പ്രണവം<br>പറക്കോട് | ഡി.പി.ആർ- 1 | 40000<br>28-12-2017 |
| 2 | ആലീസ്<br>പ്ലാവിളയിൽ<br>അടൂർ | ഡി.പി.ആർ- 2 | 40000<br>30-08-2018 |
| 3 | രാജി<br>സജിതാ ഭവനം<br>പന്നിവിഴ | ഡി.പി.ആർ- 2 | 40000<br>06-07-2019 |
| 4 | സാലി<br>കക്കോക്കുഴിയിൽ കോളനി<br>അടൂർ | ഡി.പി.ആർ- 2 | 40000<br>02-07-2018<br>160000<br>02-12-2020 |
| 5 | രാധാമണി.എം<br>മേച്ചിറ പുത്തൻവീട്<br>പന്നിവിഴ | ഡി.പി.ആർ- 2 | 40000<br>20-08-2018 |
| 6 | രഞ്ജുകൃഷ്ണ<br>മാനത്തുകരവീട്<br>പന്നിവിഴ | ഡി.പി.ആർ- 4 | 40000<br>06-11-2019<br>160000<br>17-03-2020 |
| 7 | വൽസല.കെ.എസ്<br>മേലേതിൽ കിഴക്കേതിൽ<br>പന്നിവിഴ | ഡി.പി.ആർ- 4 | 40000<br>16-09-2019<br>160000<br>17-02-2020 |
| 8 | മണി<br>വാഴോട്ട് വീട്<br>പറക്കോട് | ഡി.പി.ആർ- 4 | 40000<br>16-09-2019<br>160000<br>06-01-2020 |
| 9 | ഓമന.വി<br>ചരിവുകാലായിൽ വീട്<br>പറക്കോട് | ഡി.പി.ആർ- 4 | 40000<br>08-03-2021 |
| 10 | സ്നേഹ.എസ്<br>സക്കീർഹുസൈൻ നഗർ<br>ലക്ഷംവീട് | ഡി.പി.ആർ- 4 | 40000<br>12-11-2019 |
| 11 | മറിയാമ്മ ബാബു<br>ബ്ലസൻ ഭവൻ<br>കരുവാറ്റ | ഡി.പി.ആർ- 4 | 40000<br>24-10-2019 |

ഭവനനിർമ്മാണം പൂർത്തീകരിക്കാത്തത് ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറിക്ക് (നം-27/15-02-2023) ലഭ്യമാക്കിയ മറുപടിയിൽ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നിർമ്മാണം

പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്. തുക കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ നൽകിയ തുക അവരിൽ നിന്നും പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 1-39 അങ്കണവാടികളിൽ പരിമിതമായ പശ്ചാത്തല സൗകര്യം

നഗരസഭയിൽ ആകെ 24 അങ്കണവാടികളുള്ളതിൽ പന്ത്രണ്ട് അങ്കണവാടികൾ സ്വന്തമായി കെട്ടിടമുള്ളവയും പത്തെണ്ണം വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയും രണ്ടെണ്ണം വാടകരഹിതവുമാണ്. എല്ലാ അങ്കണവാടികൾക്കും ടോയ് ലെറ്റ് സൗകര്യമുണ്ട്. എന്നാൽ അതിൽ ഒരെണ്ണത്തിനു പോലും ബേബി ഫ്രണ്ട് ലി ടോയ് ലെറ്റില്ല എന്നത് ന്യൂനതയാണ്. പതിനൊന്ന് അങ്കണവാടികൾക്കു മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. അങ്കണവാടികളിൽ ഉള്ള ഫർണിച്ചറും പാത്രങ്ങളും പര്യാപ്തമല്ല. ബേബി ഫ്രണ്ട്ലി പെയിന്റിംഗ് ചെയ്തിട്ടില്ല. നാല് അങ്കണവാടികൾക്ക് സ്ഥലം ലഭ്യമായിട്ടും കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതികൾ ഏറ്റെടുത്തില്ല എന്നത് അപാകമാണ്. അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ നടത്തി സുരക്ഷ ഉറപ്പാക്കുന്നതിനും, അവയ്ക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിനും നഗരസഭാ അധികൃതർ ഫലപ്രദമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല. ഈ വിഷയത്തിൽ തുടർനടപടികൾക്കായി അങ്കണവാടി വെൽഫെയർ കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-40 മൃഗസംരക്ഷണമേഖലയിലെ പദ്ധതികൾ- മോണിറ്ററിംഗ് നടത്തിയില്ല

2021-22 ൽ സീനിയർ വെറ്റിനറി സർജൻ നിർവഹിച്ച പദ്ധതികളുടെ മോണിട്ടറിംഗ് നടത്തിയില്ല. മൃഗസംരക്ഷണമേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്റ്റ് നമ്പർ/പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | 21/22, കറവപ്പശുക്കൾക്ക് കാലിത്തീറ്റ | 1327250 |
| 2 | 52/22, പോത്തുകുട്ടി വിതരണം | 816000 |
| 3 | 22/22, മുട്ടക്കോഴി വളർത്തൽ | 812400 |
| 4 | 23/22, പാലുല്പാദനത്തിന് സബ്സിഡി | 48029 |

മേൽ പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുക എന്നതായിരിക്കണം മൃഗസംരക്ഷണമേഖലയിൽ ആവിഷ്കരിക്കുന്ന പദ്ധതികളുടെ മുഖ്യലക്ഷ്യം എന്ന് 13-ാം പദ്ധതിമാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഭക്ഷ്യോല്പന്നങ്ങളുടെ ഉല്പാദനവർദ്ധനവ് സാധ്യമായോ എന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയില്ല. പദ്ധതി രൂപീകരണത്തിനുശേഷം ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും പദ്ധതിനിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്. എന്നാൽ മേൽസൂചിപ്പിച്ച പദ്ധതികളുടെ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പുരോഗതി വിലയിരുത്തുകയോ റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. പൂർത്തീകരിച്ച പദ്ധതികളുടെ മോണിട്ടറിംഗ് നടത്തി ഫലപ്രാപ്തി ഉറപ്പുവരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-41 ലൈബ്രറി സെസ്സ് അടവാക്കിയില്ല

ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടവാക്കാത്തതിനാൽ ഈയിനത്തിൽ നഗരസഭയ്ക്ക് ബാദ്ധ്യതയുണ്ടായിട്ടുണ്ട്. നഗരസഭയുടെ 2021-22 ലെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31.03.2022 ൽ ഈയിനത്തിൽ 1096882/- രൂപ അടവാക്കാൻ അവശേഷിക്കുന്നുണ്ട്. നിലവിലും ഈ ഇനത്തിൽ ലഭിച്ച തുക സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് അടച്ചിട്ടില്ല . The Kerala Decentralisation Of Powers Act – 2000 ഖണ്ഡിക 35 മുഖേന Kerala Public Libraries (Kerala Grandhasala Sanghom) Act, 1989 ലെ ഖണ്ഡിക 48 ന് വരുത്തിയ ഭേദഗതി പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ തദ്ദേശ സ്ഥാപനങ്ങൾ ഈടാക്കുന്ന തുക മൂന്ന് മാസത്തിനുള്ളിൽ ലൈബ്രറി കൗൺസിലിലേക്ക് അടയ്ക്കേണ്ടതും അല്ലാത്ത പക്ഷം കാലതാമസത്തിന് 2% നിരക്കിൽ പ്രതിമാസം പിഴ ഒടുക്കേണ്ടതുമാണ്. കൂടാതെ ഇപ്രകാരം പിഴ ഒടുക്കേണ്ടി വരികയാണെങ്കിൽ ആയത് സെക്രട്ടറി, ചെയർപേഴ്സൺ എന്നിവരുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി അവരിൽ നിന്നും ഈടാക്കേണ്ടതുമാണെന്നും നിയമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. തുക അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-42 മുൻകൂറുകൾ ക്രമീകരിച്ചില്ല

ധനകാര്യവകുപ്പിന്റെ 4-10-2011 ലെ ജി ഒ (പി) 419/2011/ഫിൻ നമ്പർ ഉത്തരവ് പ്രകാരം താൽക്കാലിക മുൻകൂറുകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്നും, അഡ്ജസ്റ്റ്മെൻറ് ബിൽ സമർപ്പിച്ചിട്ടും

പൂർണ്ണമായി വിനിയോഗിക്കാത്ത മുൻകൂർ തുകയ്ക്ക് ഒരു വർഷത്തേക്ക് 18 % നിരക്കിൽ പലിശ ഈടാക്കണമെന്നും, നിശ്ചിത സമയപരിധിക്കകം അഡ്ജസ്റ്റ്മെൻറ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ അടിയന്തിരമായി മുഴുവൻ തുകയും തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ സഹിതം ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2021-22 വർഷം മുതൽ നൽകിയ താഴെ ചേർക്കുന്ന മുൻകൂറുകൾ നിശ്ചിത സമയപരിധിക്കകം അഡ്ജസ്റ്റ് ചെയ്യുകയോ, തിരിച്ചുപിടിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ, തീയതി | തുക | തുക കൈപ്പറ്റിയ വ്യക്തി | ആവശ്യം | ഫയൽ നമ്പർ |
|---|---|---|---|---|---|
| 1. | 65/06-2021 | 2000 | വിദ്യാ രാജു | ഡിജിറ്റൽ സിഗ്നേച്ചർ എടുക്കുന്നതിന് | E2-3779/2021 |
| 2. | 66/06-2021 | 2000 | ഫായിസ് ഇബ്ൻ സുബൈർ | ഡിജിറ്റൽ സിഗ്നേച്ചർ എടുക്കുന്നതിന് | E2-3779/2021 |
| 3. | 65/07-2021 | 10000 | ജയരാജൻ എൻ | കിലയുടെ ഓൺലൈൻ പരിശീലന പരിപാടിയുടെ നടത്തിപ്പിലേക്ക് | G5-5082/2021 |
| 4. | 79/07-2021 | 10000 | ജയരാജൻ എൻ | കിലയുടെ ഓൺലൈൻ പരിശീലന പരിപാടിയുടെ നടത്തിപ്പിലേക്ക് | G5-5082/2021 |
| 5. | 51/08-2021 | 15000 | പുഷ്പകുമാർ കെ | 75-ാം സ്വാതന്ത്ര്യ ദിനാഘോഷ നടത്തിപ്പ് | R3-6311/2011 |
| 6. | 41/09-2021 | 4500 | വിനോദ് ജി സൂപ്രണ്ട്, | നഗരസഭയുടെ പേരിലുള്ള വസ്തു | E1-122/2021 |
| 7. | 77/11-2021 | 10000 | ജയരാജ് | ലോക്ക് വാങ്ങിയതിനുള്ള ചെലവ് | G5-3371/2021 |

മേൽ പരാമർശിച്ച മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും ഭാവിയിൽ മുൻകൂറുകൾ സമയപരിധിക്കകം ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-43 സാക്ഷരതാ തുല്യതാപഠനം-വിനിയോഗരേഖകൾ ഇല്ല

2021-22 സാമ്പത്തികവർഷം ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി സാക്ഷരത-തുല്യതാപഠനം (പ്രോജക്ട്നമ്പർ 10/22) എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പത്താംതരം തുല്യതാപഠനത്തിന് 13 പഠിതാക്കളുടെയും പ്ലസ് ടു തുല്യതാപഠനത്തിന് 10 പഠിതാക്കളുടേയും ഫീസായി വികസനഫണ്ടിനത്തിൽ 41550 രൂപ പിൻവലിച്ച് കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകി. പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ/പേര് | ചെലവഴിച്ച തുക | ബിൽനമ്പർ/തീയതി |
|---|---|---|
| 10/22) സാക്ഷരതാ പദ്ധതി – | 41550 | 21050347000815160330/ 24.03.2022 |

| | | | |
|---|---|---|---|
| | തുല്യതാ പഠനം | | |

+2 തുല്യതാ വിഭാഗത്തിൽ 7 പഠിതാക്കളുടെ ഫീസായി 17500 രൂപയും (7x2500=17500) പത്താംതരം തുല്യതാ വിഭാഗത്തിൽ 13 പഠിതാക്കളുടെ ഫീസിനത്തിൽ 24050 രൂപയും (13x1850=24050) ഉൾപ്പെടെ ആകെ 41550 രൂപ ആണ് നൽകിയിട്ടുള്ളത്. എന്നാൽ തുക വിനിയോഗിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/21-22 തീയതി 14.02.23) മറുപടിയായി, സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ഹെഡ്മിസ്ട്രസ്സ് അറിയിച്ചു. സാക്ഷരതാമിഷനിൽ നിന്ന് വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-44 കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിലേക്ക് വാങ്ങിയ സാധനങ്ങൾ പുനരുപയോഗപ്പെടുത്തിയില്ല

കൊവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിലേക്ക് വാങ്ങിയ ഉപകരണങ്ങളും ഫർണ്ണിച്ചറും കൊവിഡ് കാലഘട്ടത്തിന് ശേഷം പുനരുപയോഗപ്പെടുത്തിയില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ സിഎഫ് എൽ റ്റി സിയിലേക്ക് വാങ്ങിയതും പുനരുപയോഗപ്പെടുത്താവുന്നതുമായ ഉപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാങ്ങിയ സാധനങ്ങളുടെ വിവരം | എണ്ണം | വാങ്ങിയ തീയതി |
|---|---|---|---|
| 1. | Laptop Lenovo | 1 | 27.07.2020 |
| 2. | Printer H P | 1 | 27.07.2020 |
| 3. | Coir Roll Up(bed) | 100 | 27.07.2020 |
| 4. | Ply Cot | 100 | 29.07.2020 |
| 5. | Ply Cot | 70 | 18.08.2020 |
| 6. | Smart Phone (OPPO) | 1 | 28.08.2020 |
| 7. | Refrigerator | 1 | 21.08.2020 |

മേൽ ചേർത്തിട്ടുള്ളവയിൽ ലാപ്പ് ടോപ്പ്, പ്രിന്റർ, സ്മാർട്ട് ഫോൺ ഇവ ഓഫീസ് ആവശ്യത്തിനായി ഉപയോഗിക്കുന്നുണ്ടെന്നും മറ്റുള്ളവ പറക്കോട് മാർക്കറ്റിലുള്ള പബ്ളിക് ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ളതായുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/16.02.2023) മറുപടി ലഭ്യമാക്കിയത്. എന്നാൽ ഓഫീസ് ആവശ്യത്തിനുള്ളവ ഏത് സെക്ഷനുകളിലാണ് നൽകിയതെന്നോ ആരാണ് കൈപ്പറ്റിയതെന്നോ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി കൃത്യമാക്കേണ്ടതാണ്. ബെഡ്, കട്ടിലുകൾ, റഫ്രിജറേറ്റർ ഇവ പുനരുപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-45 മുൻകൂർ നൽകി- നാളിതുവരെ മരുന്ന് ലഭ്യമായില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങുന്നതിന് (പ്രോ.നം. 4) നടപ്പാക്കിയ പ്രോജക്ടിൽ 200000 രൂപ HOMCO-യ്ക്ക് മുൻകൂർ നൽകിയിരുന്നു. എന്നാൽ 111289 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. 88711 രൂപയുടെ മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു. ബാക്കി മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിയ്ക്കുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് /നം. | സാങ്ഷൻ ഓർഡർ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കെ.ഐ.പി | പീടികയിൽ കെ.ഐ.പി കനാൽ റോഡ് മുകളുംപ്ളാവി ജംഗ്ഷൻ നവീകരണം വാർഡ് 10<br>S0088/22 | 250/21-02-22 | 500000 | 0 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ<br>S00122/22 | 374/27-03-22 | 1900000 | 0 |
| കേരള വാട്ടർ അതോറിറ്റി | അമ്പിയിൽ ഏലായിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 15<br>S00290/22 | 373/27-03-22 | 200000 | 0 |
| കെ.എസ്. ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ<br>S00288/22 | 162/25-01-22 | 499629 | 0 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| ക്രമ നം | കൺവീനറുടെ പേര് | പ്രവർത്തിയുടെ പേര് | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|
| 1 | ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് | റ്റേക്ക് എ ബ്രേക്ക് , കെ.എസ്.ആർ.റ്റി.സി ബസ് സ്റ്റാൻഡ് | 776726 | - | 776726 |

### 4-4 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| പി.എം.എ.വൈ. ഭവന പദ്ധതി (KURDFC) | 1,45,20,000 | 4200000 | 1440000 | - | 17280000 |

### 4-5 സ്ഥിര നിക്ഷേപം

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2018-19 | 1-39(9) | 6664 | റേ തോമസ്, | 121140101054/24.05.2021 |

| | | | | |
|---|---|---|---|---|
| | | | കരാറുകാരൻ | |
| 2018-19 | 1-31(8) | 5236 | റേ തോമസ്, കരാറുകാരൻ | 121140101055/24.05.2021 |
| 2018-19 | 1-31(4) | 19971 | ഉണ്ണികൃഷ്ണൻ ജി, കരാറുകാരൻ | 121140101056/24.05.2021 |
| 2018-19 | 1-31(7) | 6188 | റേ തോമസ്, കരാറുകാരൻ | 121140101057/24.05.2021 |
| 2018-19 | 1-31(5) | 6426 | റേ തോമസ്, കരാറുകാരൻ | 121140101058/24.05.2021 |
| 2017-18 | 3-35(3) | 6432 | കെ.ജെ.ബിജ്ജ, | 121140101085/24.05.2021 |
| 2017-18 | 3-35(2) | 10948 | കരാറുകാർ | 121140101086/24.05.2021 |
| 2017-18 | 3-26 | 7378 | കരാറുകാർ | 121140101087/24.05.2021 |
| 2018-19 | 1-14(2) | 3945 | ജോൺസൺ.പി, കരാറുകാരൻ | 121140101054/24.05.2021 |
| 2018-19 | 1-14(8) | 6083 | ഉണ്ണികൃഷ്ണൻ ജി, കരാറുകാരൻ | 121140101302/24.05.2021 |
| | ആകെ | 79271 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം |
|---|---|---|---|---|
| 2000-01 | 4 (എ) | 2005-06 | 3.10.1 | ശീർഷകം തെറ്റി, പദ്ധതി വിഹിതം 24.6 ലക്ഷം നിയമവിരുദ്ധമായി ക്രമപ്പെടുത്തി |
| 2000-01, 2001-02 | | 2005-06 | 3.10.2 | മാർക്കറ്റ് സ്റ്റാൾ യാർഡ് നിർമ്മാണത്തിൽ അപാകതകൾ |
| 2000-01, 2001-02 | | 2005-06 | 3.10.4 | റോഡ് പുനരുദ്ധാരണം, സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവൃത്തി നടത്തി |
| 2000-01 | 2-2 (ബി) | 2006-07 | 4.10.1 | മുൻകൂർ തുകകൾ ക്രമീകരിക്കാത്തത്- സംബന്ധിച്ച് |
| 2004-05 | 3-1. | 2010-11 | 5.2.17 | ഖരമാലിന്യ സംസ്കരണം - ദീർഘവീക്ഷണമില്ലാത്ത പദ്ധതി രൂപീകരണം |
| 2004-05 | 3-3 | 2010-11 | 3.3 | നഗരസഭയിലെ CFL കളുടെ വാർഷിക മെയിന്റനൻസിന് മുൻകൂർ നൽകിയത് സംബന്ധിച്ച് |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടിയിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 276884656 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 216469373 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര - സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2952461 |

ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-30 | 2599629 | |
| 1-33 | 135000 | ശ്രീ അജി.ജി, ഹെൽത്ത് ഓഫീസർ |
| 1-35 | 217832 | ശ്രീ വിനോദ് എം.പി, ഹെൽത്ത് ഓഫീസർ |
| ആകെ | 2952461 | |

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ അജി.ജി, ഹെൽത്ത് ഓഫീസർ | ഹെൽത്ത് ഓഫീസർ, അടൂർ നഗരസഭ | പ്രാർത്ഥന, മുണ്ടച്ചിറ, ചന്ദനത്തോപ്പ് പി.ഒ, പിൻ 691014 |
| ശ്രീ വിനോദ് എം.പി, ഹെൽത്ത് ഓഫീസർ | ഹെൽത്ത് ഓഫീസർ, പത്തനംതിട്ട നഗരസഭ | മഠത്തിലേത്ത്, ഐരവൺ പി.ഒ, കോന്നി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 4/578/97, തീയതി 12.10.1999 |
| 1996-97(DCB) | എൽ.എഫ്.പി.റ്റി.എ.പി- 2/656/06, തീയതി 13.04.07 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 4/27/99, തീയതി 12.01.99 |
| 1997-98(DCB) | എൽ.എഫ്.പി.റ്റി.എ.പി- 2/657/06, തീയതി 14.03.07 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 4/240/2000, തീയതി 02.11.2000 |
| 1998-99 (DCB) | എൽ.എഫ്.പി.റ്റി.എ.പി- 2/713/06, തീയതി 31.12.07 |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 5/288/03, തീയതി 16.09.03 |
| 1999-00 (DCB) | എൽ.എഫ്.പി.റ്റി.എ.പി- 2/714/06, തീയതി 31.12.07 |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 6/173/05, തീയതി 15.12.05 |
| 2000-01 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ.പി-6/450/04, തീയതി 14.12.05 |
| 2000-01 (DCB) | എൽ.എഫ്.പി.റ്റി.എ.പി-2/715/06, തീയതി 31.12.07/ 31.03.08 |
| 2001-02 | എൽ.എഫ്.പി.റ്റി.എ.പി-2/374/08, തീയതി 31.07.09 |

| | |
|---|---|
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി-2/375/08, തീയതി 15.04.09/ 30.12.09 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി-2/681/08, തീയതി 30.01.09/ 30.10.10 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി-2/680/08, തീയതി 16.02.09/ 08.03.11 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി-2/482/10, തീയതി 14.03.11/ 09.06.11 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി-4/418/11, തീയതി 01.12.11/ 02.03.13 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി-4/537/12, തീയതി 12.10.12/ 13.03.13 |
| 2008-09 & 2009-10 | എൽ.എഫ്.പി.റ്റി.എ.പി- 4/539/12, തീയതി 01.11.2012 |
| 2010-11 & 2011-12 | എൽ.എഫ്.പി.റ്റി.എ.പി-4/1037/13, തീയതി 08.04.14 |
| 2012-13 & 2013-14 | കെ.എസ്.എ.പി.റ്റി.എ./പി2/357/2015, തീ. 08.12.15 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ./പി2/854/2016, തീ. 08.08.2016 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ./പി2/97/2017, തീ. 20.02.2017 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ./പി2/1207/17, തീ. 12.12.2017 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ./പി2/261/19, തീ. 03.06.2019 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ./പി2/16/20, തീ. 12.03.2020 |
| 2019-20 | കെ.എസ്.എ.പി.റ്റി.എ./പി2/767/21, തീ. 29.12.2021 |
| 2020-21 | കെ.എസ്.എ.പി.റ്റി.എ./പി2/779/21, തീ. 24.08.2022 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ അടൂര് മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ അടൂര് മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്